പുസ്തകം ൩. ലക്കം ൩.

കന്യകാസുമം

The Flower of Carmel



പ്രതിമാസ പത്രിക.

MANNANAM 1905 MAY.

സംഗതിവിവരം.

I. മംഗളം.
II. ദൈവജനനിയായ പരിശുദ്ധ മറിയത്തിൻ വണക്കമാസം.
III. സുവിശേഷവിവരണം.
IV. സാക്ഷാൽ ഭക്തി.
V. ധ്യാനധ്യമഹാത്മ്യം.
VI. വേ. വി. നസ്സേൻസ് ശ്രീഗോരിയോസിന്റെ ചരിത്രം.
VII. ദൈവജനനിയുടെ സഹായത്താൽ ഒരമ്മയും മകളും ജീവനാശത്തിൽ നിന്നു രക്ഷപെട്ടതു്.
VIII. അപേക്ഷ.
IX. ലോകവർത്തമാനച്ചുരുക്കം.

സൊസൈറ്റി അഭിപ്രായപ്രകാരം ധനശേഖരം വകയ്ക്കു ദാനം ചെയ്തവരുടെ പേരുവിവരം.

ക.	കടമാക്കുഴിയിടെ വികാരി ബ. മുട്ടത്തുപാടത്തു ഔസേപ്പച്ചൻ അവർകൾ	രൂപാ	൨൫.
ഖ.	ബ. പെരുമാലിൽ ലൂക്കാച്ചൻ അവർകൾ.	രൂപാ	൨൫.
ഗ.	മ. രാ. രാ. നാഗനൂലിൽ കിഴക്കേക്കര ഉലഹന്നൻ അവർകൾ	രൂപാ	൨൫.

നോട്ടീസ്.

കർമ്മലകുസുമത്തിന്റെ വണ്ണം പിരിക്കുന്നതിനായി ബില്ലുകളും രസീതുകളും കൊടുത്തു കേട്ടയും മുതൽ തിരുവനന്തപുരം വരെയുള്ള ദിക്കുകളിലേക്കു മുകളേൽ ചാക്കോ ഔസേപ്പു എന്നയാളേയും, പാലാ ഭരണങ്ങാനം മുതലായ ദിക്കുകളിലേക്കു വടിഞ്ഞാറേക്കുറു ഔസേപ്പു ചാക്കോ എന്നയാളേയും, ആലപ്പുഴ പുളിങ്കുന്നു ചേർത്തല കൊച്ചി മുതലായ സ്ഥലങ്ങളിലേക്കു പുളിമ്പാമ്പിൽ ഔസേപ്പു തൊമ്മൻ എന്നയാളേയും അയച്ചിരിക്കുന്നതിനാൽ പണപ്പിരിവുകാർക്കു അനാവശ്യതാമസത്തിനിടവരുത്താതെ ബിൽപ്രകാരമുള്ള പണം കൊടുത്തു രസീതു വാങ്ങിപ്പോകണമെന്നു അപേക്ഷിക്കുന്നു. ചില ആളുകൾ പണം കൊടുത്തിട്ടു രസീതു വാങ്ങിക്കാതിരിക്കുന്നതായി അറിയുന്നു. ഇതു പലപ്രകാരത്തിലും കുഴപ്പങ്ങൾക്കിടവരുന്നതാകയാൽ പണം കൊടുക്കുന്നവർ രസീതു വാങ്ങിച്ചു കൊള്ളണമെന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

പത്രവരിവിവരം.

ആണ്ടൊന്നുക്കു തപാൽക്കൂലി ഉൾപ്പടെ ബ്രിട്ടീഷ് രൂപാ ൧.

യാതൊരുത്തൻ ൫ പേരെ പത്രവരിക്കാരായി ചേർത്തു പേരയക്കുകയും സ്വന്തമൽപിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റുവാങ്ങിച്ചു കൊടുക്കയും പത്രവരി പരിച്ചു ഒന്നാകെ അടക്കുകയുംചെയ്യുന്നതായാൽ അയാൾക്കു നാലാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെട്ടുന്നതാണു്.

☞ അക്കെങ്കിലും "മാസിക" കിട്ടാതെവന്നാൽ അതാതു മാസം ൨൫നകം ഇവിടെ അറിയിച്ചിരിക്കുന്നതാണു്. അങ്ങിനെ ചെയ്യാതെ പിന്നീടു പത്രം കിട്ടിയില്ലെന്നുള്ള വരാതി സ്വീകരിക്കപ്പെടുന്നതല്ല.

മംഗളം.

കലുഷമതൊരുനാളുംതീണ്ടിടാത്തൊരുധന്യേ
നലനിധിസുതനീശന്നമ്മയാം ദിവ്യകന്യേ
(ന്യേ
ഉലകിലൊരവലംബം നിൻപദം മാത്രമെ
വിലസിനമറിയേ വേറില്ല സർവ്വമാന്യേ.

ഇപ്പാരിടത്തിലണയുന്നോരനർത്ഥമെല്ലാം
മൽപ്പുവതിൽ കൃപകലർന്കലർത്തകറ്റി
തൃപ്പാദമേ ശരണമാമടിയാരെയെല്ലാ
മെപ്പോഴമമ്മമറിയേ പരിരക്ഷചെയ്യ.

ഉറ്ററംപെരുത്ത നരകാനല സപ്തമാകും
മാറ്റാനണഞ്ഞു ചതി ചെയ്തടിയാരെയെല്ലാം
പറ്റിപ്പതിന്നു പണിയുന്നതശേഷവും നീ
തെറ്റിക്കണംമറിയമേ! കരുണാപയോധേ.

ലോകത്രയത്തിനുടെ നായികയാകുമമ്മേ
(മ്പോൾ
ലോകം പിരിഞ്ഞിടുമൊരാക്ഷണമെത്തിടു
ശോകംകളഞ്ഞു ദയവോടടിയങ്ങളെ സ്വർ-
ല്ലോകത്തിലാക്കിടുവതിന്നു തുണയ്ക്കണംനീ.

II ദൈവജനനിയായ പരിശുദ്ധ മറിയത്തിൻ വണക്കമാസം.

വിസ്താരമേറിയതും അഗാധമുള്ളതുമായ സമുദ്രമദ്ധ്യേ യാത്രചെയ്യുന്ന കടൽസഞ്ചാരികൾ, അന്ധകാരത്തിയിൽ ഉളവായ കൊടുങ്കാറ്റു നിമിത്തം നേർവഴി കാണാതെ ശരണം കെട്ട ഏവിടെനിന്നു സഹായം കിട്ടുമെന്ന് അത്യാശയോടെ പാർത്തിരിക്കയിൽ, ഉഷസ്സിൽ കാണപ്പെട്ടന്ന നക്ഷത്രം വഴിയായി നേർവഴി കാണുന്നതിനു ഇടവരുന്നതിനാൽ അവർക്കു അധികം ധൈര്യവും സന്തോഷവും ഉണ്ടാകയും അവരു നിശ്ചയിച്ച സ്ഥലത്തു യോഗ്യമെന്നിയെ ചേരുകയും ചെയ്യും. ഇപ്രകാരം തന്നെ ഓരോ ഭ്രലോക സമുദ്രത്തിൽ യാത്രചെയ്യുന്നവരായ നമുക്കു, ലോകം, പിശാചു, ശരീരം എന്ന ശത്രുക്കളിൽ നിന്നുണ്ടാകുന്ന നാനാവിധമായ പരീക്ഷകൾ നിമിത്തം നമ്മുടെ ബുദ്ധിമയങ്ങി നേർവഴി തെറ്റി ഭ്രലോക സമുദ്രത്തിൽ മുങ്ങിച്ചാകുവാൻ പോകുന്ന സമയത്തിൽ ഉഷഃകാല നക്ഷത്രമായ പരിശുദ്ധ ജനനിയുടെ സഹായത്താലും മാദ്ധ്യസ്ഥത്താലും നമ്മുടെ സ്വന്തദേശമായ സ്വർഗ്ഗരാജ്യത്തിൽ എത്തുന്നതിനു സംഗതിയാകും. ഒരും സഹായത്തിൽ നമുക്കു ഉറപ്പു വരുന്നതിനു പല ന്യായങ്ങൾ ഉണ്ടായിരിക്കുന്നു.

ഒരാളുടെ സഹായത്തിനേല്പും മദ്ധ്യസ്ഥതയിനേല്പും നമുക്കുറപ്പു വരുന്നതിനു ആ ആളിനു നമ്മെ സഹായിക്കുന്നതിനു നല്ലമനസ്സും വല്ലഭവും വേണ്ടിയിരിക്കുന്നു. മനസ്സുണ്ടു എന്നാൽ വല്ലഭം ഇല്ലെങ്കിൽ ആ നല്ലമനസ്സുകൊണ്ടു എന്തുപകാരം? വല്ലഭമുണ്ടു, എന്നാൽ മനസ്സില്ലെങ്കിൽ ആ വല്ലഭംകൊണ്ടു എന്തുഫലം? എന്നാൽ ദിവ്യ ജനനിയിൽ വല്ലഭവും മനസ്സും നമ്മെ സഹായിക്കുന്നതിനു ധാരാളമുണ്ടായിരിക്കുന്നു.

ദിവ്യ ജനനി എത്ര ഉന്നതസ്ഥാനത്തിൽ ഇരിക്കുന്നോ അത്രയും അനുഗ്ര

ഹവും ദയയും ഉള്ളവളായിരിക്കുന്നു. ഇതിനാൽ ശ്രുദ്ധ. പള്ളി "മനോഹ്രണത്തിന്റെ മാതാവെന്നു" പരിശുദ്ധ ജനനിയെ വിളിച്ചു അപേക്ഷിക്കുന്നതിനു നമ്മെ പഠിപ്പിക്കുന്നു. ശ്ലൂ. ബെസ്റ്റർദീനോസു മല്ലാൻ ഒരും മാതാവിനെ നോക്കി "നിന്റെ സങ്കേതത്തിൽ ഓടിവന്നു നിന്റെ സഹായം അപേക്ഷിച്ചവരിൽ ഒരുവൻ എങ്കിലും കൈവിടപ്പെട്ടു എന്നു ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല,, എന്നു ചൊല്ലിയിരിക്കുന്നു. ഒരും മാതാവു ഒരുംലോകത്തിൽ ജീവിച്ചിരുന്ന കാലത്തിൽതന്നെ ഒരും അനുഗ്രഹം സ്പഷ്ടമായി കാണിച്ചിട്ടുണ്ടു. കാനായിൽ ഒരു കല്യാണത്തിനു ഒരും മാതാവു തന്റെ തിരുക്കുമാരനോടുകൂടെ പോയി; ആ കല്യാണത്തിൽ വീഞ്ഞു തികയാഞ്ഞതിനാൽ ആ വീട്ടുകാരു തന്നോടു അപേക്ഷിക്കാതെതന്നെ അവരുടെ ആവശ്യംകണ്ടു അലിവുതോന്നി തന്റെതിരുക്കുമാരനോടപേക്ഷിച്ചു (അതിശയങ്ങൾ ചെയ്വേണ്ടകാലം വന്നില്ലെങ്കിലും) വെള്ളം വീഞ്ഞാക്കിച്ചു കൊടുത്തു് അവരെ സഹായിച്ചു. ഇങ്ങനെയിരിക്കയിൽ ഒരും പരിശുദ്ധകന്യകആകാശമോക്ഷത്തിൽ സ്ത്രീലോക രാജ്ഞിയായിരിക്കുന്ന ഇപ്പോൾ ശ്ലൂ. യോഹന്നാൻ വഴിയായിട്ടു അങ്ങെ മക്കളായി ദിവ്യരക്ഷകനാൽ ഏൽപ്പിക്കപ്പെട്ട നാം ഭ്രലോക സമുദ്രത്തിൽ കിടന്നു സങ്കടപ്പെട്ടു അങ്ങെ സഹായം അപേക്ഷിക്കയിൽ എത്ര വലിയ അനുഗ്രഹത്തോടുകൂടെ നമ്മുടെ അപേക്ഷയെ കേട്ടു തന്റെ തിരുക്കുമാരനിൽനിന്നു നമുക്കു ആവശ്യമുള്ളവകളെ സാധിച്ചുതരും. ഒരും മാതാവു എത്ര അനുഗ്രഹമുള്ളവളായിരിക്കുന്നോ അത്രയും വല്ല ഭമുള്ളവളുമായിരിക്കുന്നു. മാതാവു സാക്ഷാൽ സത്യമായ ദൈവവും സത്യമായ മനുഷ്യനും ആയിരിക്കുന്ന ഒരുംശൊമിശിഹായുടെ അമ്മയായിരിക്കുന്നതിനാൽ തന്റെ തിരുക്കുമാരന്റെ പക്കൽ എത്ര വലിയ വല്ലഭമുള്ളവളായിരിക്കുന്നു. ഒരും മാതാവു തന്റെ തിരുക്കുമാരനോടപേക്ഷിച്ചാൽ സർവ്വമനോഹ്രണങ്ങളും കൊടുക്കുന്നതിനു അങ്ങീകരിയായിരിക്കുന്നു. ഇതിനാൽഒരുപ്രകാരംപറഞ്ഞാൽ, ഒരു മഹാത്മാവു പറയുംവണ്ണം, ഒരുംമാതാവു തന്റെ തിരുക്കുമാരൻ വഴിയായി സർവ്വ വല്ലഭമുള്ളവളായിരിക്കുന്നു. ശ്ലൂ. ഗൊറിയേൽ മാലാകു ഒരും മാതാവിന്റെ പക്കൽവന്നു 'നന്മനിറഞ്ഞവളെ, എന്നു വിളിച്ചുകൊണ്ടു സ്വസ്തി ചൊല്ലി. ആകയാൽ സർവ്വ നന്മകളാലും അധികാരങ്ങളാലും ഒരും മാതാവു ദൈവത്താൽ നിറെക്കപ്പെട്ടവളായിരിക്കുന്നു എന്നു കാണിക്കുന്നു.

ആകയാൽ ഇത്ര അനുഗ്രഹവും വല്ലഭവുമുള്ള ഒരും മാതാവിന്റെ മദ്ധ്യസ്ഥതയിന്മേൽ നമുക്കു എത്രയൊ ഉറപ്പും മനോവിശ്വാസവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഒരും മാതാവിന്റെ നേരെ നമുക്കു അത്യന്ത ഭക്തിയുണ്ടാകുന്നതിനായിട്ടു തിരുസ്സഭ അനേക പെരുന്നാളുകളെ കൊണ്ടാടുന്നതിനു കല്പിച്ചിരിക്കുന്നു. എന്നു മാത്രവുമല്ല ഒരുംമാസം മുഴുവനും ഒരും മാതാവിന്റെ വണക്കത്തിനായി വിശേഷവിധത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഒരും ഭക്തമുറ ഇതാരുദ്ദേശത്തിൽ ആദ്യം ആരംഭിച്ചെങ്കിലും ഇപ്പോൾ ലോകമെല്ലായിടത്തും നടന്നുവരുന്നു. മാതാവിന്റെ ഭക്തന്മാർ ഒരും മാസത്തിന്റെ ഓരൊ ദിനങ്ങളിൽ അനേക സൽക്രിയകളെ ചെയ്തു അതി ഭക്തിയോടും സന്തോഷാധിക്യത്തോടും ആചരിച്ചുവരുന്നു. ഇതുവഴിയായി അനേകനന്മകൾ ലഭിച്ചുവരികയും ചെയ്യുന്നു.

ആകയാൽ പ്രിയ സഹോദരരേ! നാമും ഒരും മാസത്തിൽ ഒരും നായികയുടെ നേരെ പ്രത്യേക ഭക്തിയുള്ളവരും വണക്കമുള്ളവരും ആകേണ്ടിയിരിക്കുന്നു. ഒരും നായികയേക്കുറിച്ചു പ്രത്യേക ചില പുണ്യപ്രവൃത്തികൾ നിശ്ചയിച്ചു നടത്തേണ്ടിയിരിക്കുന്നു. പള്ളികളിലോ പാടില്ലാത്തപക്ഷം വീടുകളിലൊ വണക്കമാസം കഴിക്കുണം. പാട്ടുണ്ടെങ്കിൽ ഒരും

മാതാവിനെക്കുറിച്ചു ദിവസവും ദിവ്യപൂജ കാണണം. നിവൃത്തിയില്ലാത്തപക്ഷം ശനിയാഴ്ചയെങ്കിലും ദിവ്യപൂജ കാണാതിരിക്കരുതു. ഓരോ മാതാവിന്റെ പീഠവും സ്വരൂപവും നിങ്ങളുടെ ഭക്തിക്കു തക്കവണ്ണം വേണ്ടപോലെ അലങ്കരിക്കണം. ദിവസവും മാതാവിന്റെ സ്വരൂപത്തിൻപക്കൽ ചെന്നു നിങ്ങളുടെ ആത്മത്തിനും ശരീരത്തിനും ആവശ്യമായ മനോഗുണങ്ങളെ വിശിഷ്യാ, നിലനില്പിന്റെ മാതാവാകയാൽ, നന്മയിലുള്ള സ്ഥിരതയും പ്രാർത്ഥിക്കണം. ഓരോ മാസത്തിൽ ഓരോരുത്തൻ നിശ്ചയിക്കുന്ന ഒരു ദിവസം കുടുംബസമേതം ദിവ്യകാരുണ്യം ഉൾക്കൊണ്ടു ഓരോ മാതാവിനു തങ്ങളെത്തന്നെ കാഴ്ചവെക്കണം.

ഇങ്ങനെ ചെയ്യുന്നതായാൽ ഓരോ മാതാവിന്റെ സ്വർഗ്ഗവല്ലഭമുള്ള മാദ്ധ്യസ്ഥം വഴിയായി ലോകം, പിശാചു, ശരീരം എന്ന ശത്രുക്കളിൽ നിന്നു രക്ഷപെട്ടു നിത്യഭാഗ്യത്തിൽ ചെന്നുചേരുന്നതിനു സംഗതിയാകയും ചെയ്യും.

൧൦൮ . ൨ . ൮

III സുവിശേഷവിവരണം.

ആഗ്നുവട്ടത്തിന്റെ ഒന്നാംദിവസമാകുന്ന ആ നാളിൽ നേരം വൈകിയപ്പോൾ, യൂദന്മാരുടെ നേരേയുള്ള ഭയം നിമിത്തം ശിഷ്യർ കൂടിയിരുന്ന ഇടത്തിലെ വാതിലുകൾ അടച്ചിരിക്കയിൽ, ഓരോശൊ വന്നു അവരുടെ നടുവിൽ നിന്നു നിങ്ങൾക്കു സമാധാനം എന്നു അരുളിച്ചെയ്തു. ഇതു പറഞ്ഞശേഷം തന്റെ കൈകളും വിലാപ്പുറവും അവക്കു കാണിച്ചു. കർത്താവിനെ കണ്ടതിനാൽ ശിഷ്യർ സന്തോഷിച്ചു. (യോഹന്നാൻ ൨൦. ൧൯. ൨൦) നമ്മുടെ ദിവ്യരക്ഷിതാവീശൊമിശിഹാ നമ്മെ രക്ഷിക്കുന്നതിനായി പാടുപെട്ടു കുരിശിന്മേൽ തൂങ്ങി മരിച്ചുയിർത്തു തന്റെ മരണത്താൽ നിത്യമരണത്തിൽനിന്നു നമ്മെ രക്ഷിച്ച മഹോന്നത പ്രവൃത്തിയുടെ ഓർമ്മ സന്തോഷപൂർവ്വം കൊണ്ടാടപ്പെടുന്ന ഓരോ ഭാഗ്യനാളുകളിൽ തന്റെ ഉയിർപ്പിന്റെശേഷം നടന്ന ഓരോ സംഗതികളെ അറിയുന്നതു നമുക്കു തൃപ്തികരമായിരിക്കുമെന്നാണു വിചാരിക്കേണ്ടതു്. ആകയാൽ ഉയിർത്ത കർത്താവു തന്റെ ശിഷ്യർക്കു മേൽപ്രസ്താവിച്ച ദിവസത്തിൽ പ്രത്യക്ഷനായതിന്മേൽ കുറെ നേരം ആലോചിക്ക.

ഓരോശൊ ശ്ലീഹന്മാരുടെ നടുവിൽവന്നുനിന്നു, എന്താണു് അരുളിച്ചെയ്തതു? [illegible]നിങ്ങൾക്കു സമാധാനം എന്നത്രെ. ഓ! എത്ര മനോഹരമായ വചനം! നാം അറിഞ്ഞിരിക്കുന്നതുപോലെ, ചില നാട്ടുകാർ തമ്മിൽ കാണുമ്പോൾ പരസ്പരസ്നേഹവും പ്രീതിയും പ്രദർശിപ്പിക്കുന്നതിനു 'സലാം' എന്നു പറയുന്നു. അതിനാൽ സമാധാനം അഥവാ സകലവിധ ക്ഷേമവും സൌഭാഗ്യവുമാണു പരസ്പരം ആശംസിക്കുന്നതു്.

നമ്മുടെ സ്നേഹം നിറഞ്ഞ കർത്താവു തന്റെ ശിഷ്യരായിരുന്ന ചുരുങ്ങിയ ആളുകൾക്കുമാത്രം പ്രസ്തുത ക്ഷേമസൌഭാഗ്യങ്ങൾ ആഗ്രഹിച്ചു എന്നു ഒരുനാളും വിചാരിക്കേണ്ടതല്ല. തന്നിൽ വിശ്വസിപ്പാനിരിക്കുന്ന സകലർക്കും അതെ സമാധാനവും അതിൽനിന്നു ജനിക്കുന്ന ആത്മശരീരക്ഷേമങ്ങളും ഭാഗ്യങ്ങളും ശരിയായി ആഗ്രഹിക്കുന്നുണ്ടു്. ഒരു യജമാനൻ തന്റെ ദാസനു ക്ഷേമവും സൌഭാഗ്യവും ആശിക്കുന്നതിനെക്കാൾ അതിസന്തോഷവും ഭാഗ്യവുമെന്തു? ഒരു രാജാവു തന്റെ ഒരു ഉദ്യോഗസ്ഥനു സകലവിധ ക്ഷേമസൌഭാഗ്യങ്ങളും ഉണ്ടായിവരട്ടെ എന്നു ആഗ്രഹിക്കുന്നു എങ്കിൽ, അതു എത്ര മഹത്വവും ഭാഗ്യവുമായി വിചാരിക്കുന്നു? ഇപ്രകാരം ആഗ്രഹിക്കുമാത്രമല്ല, ഭാഗ്യപൂർത്തിയ്ക്കു വേണ്ടുന്നതെല്ലാംധാരാളംനൽകുകകൂടെ ചെയ്തു എന്നായാൽ എത്രയൊ വലിയ ഭാഗ്യം? നമ്മുടെ യജമാനനും രാ

ജാവും എന്നുവേണ്ടാ സർവ്വശക്തനും സർവ്വഭാഗ്യപൂരിതനും ദൈവവുമായിരിക്കുന്ന രക്ഷിതാവു തന്റെ ശിഷ്യർക്കെന്നപോലെ തന്റെ സഹോദരരായ നമുക്കും സമാധാനവും അതുവഴിയായി സകലവിധ ക്ഷേമവും ആശംസിച്ചിരിക്കുന്നു എന്നു കേൾക്കുന്നതു, നമുക്കു എത്രയൊ സന്തോഷവും മഹത്വവുമുള്ളതാണു? എന്നാൽ അതു ആശംസിക്കമാത്രമല്ലാ നൽകുകയും ചെയ്തിരിക്കുന്നു എന്നു വന്നാലൊ? ഒ! നമ്മുടെ ഭാഗ്യം എത്രയും വലുതുതന്നെയെന്നു സമ്മതിക്കാതെ നിവൃത്തിയില്ല.

'ഞാൻ നിങ്ങൾക്കു സമാധാനം വച്ചേച്ചുപോകുന്നു' (യോ. ൧൪. ൨൭) എന്നല്ലയൊ താൻ അരുളിച്ചെയ്തതു? എന്നു മാത്രമല്ലാ 'എന്റെ സമാധാനം നിങ്ങൾക്കു തരുന്നു; ലോകം തരുന്ന സമാധാനമല്ലാ ഞാൻതരുന്നതു' എന്നുകൂടെ അരുളിച്ചെയ്തിരിക്കുന്നു. അതായതു ഒ! എന്റെ ശിഷ്യരെ! നിങ്ങൾക്കും സകല വിശ്വാസികൾക്കും ഇനിക്കു അവകാശമായി കിട്ടിയതും സ്വന്തമായതുമായ സമാധാനത്തെ തന്നെ ഞാൻ തരുന്നു. ഇതുവഴിയായി എന്റെ അനുഗ്രഹവും സകല സൌഭാഗ്യങ്ങളും നിങ്ങൾക്കു ഞാൻ കയ്യാളിക്കുന്നു. എന്നാൽ ലോകം പറഞ്ഞാക്കുന്ന വഞ്ചനയുള്ളതും വ്യർത്ഥമായതും ക്ഷണത്തിൽ കഴിഞ്ഞുപോകുന്നതുമായ സമാധാനമല്ലാ, സാരമായതും സ്ഥിരമുള്ളതും നിത്യമായതുമായ സമാധാനമാകുന്നു ഞാൻ തരുന്നതു.

കർത്താവു നമുക്കു നൽകുന്ന ൟരം സമാധാനത്തിൽ ക. ദൈവേച്ഛയും, ഖ. പരീക്ഷകളിലും ഞെരുക്കങ്ങളിലും ഹൃദയശാന്തതയും, ന. അയൽക്കാരനോടു മനോയോജ്യതയും അടങ്ങിയിരിക്കുന്നു; ൟരം സമാധാനം ആപത്തിൽ ധൈര്യവും ദുഃഖത്തിൽ ആശ്വാസവും ദീനത്തിൽ ക്ഷമയും നൽകുന്നു; ഇതിനാൽ ഇഹലോകത്തിന്റെ സകല സൌഭാഗ്യങ്ങളേയും അതിക്രമിക്കുന്ന ൟരം സമാധാനത്തെയാകുന്നു കർത്താവു നൽകുന്നതു. എന്നാൽ അയ്യൊ! സങ്കടമെ! കർത്താവു നമുക്കു നൽകിയ ൟരം അമൂല്യവസ്തുവും അവകാശവുമായ സമാധാനത്തെ മനുഷ്യരൊട്ടും ഗണ്യംവെക്കാതെ, ഇഹലോകത്തിന്റെ വ്യർത്ഥവും വഞ്ചനയുള്ള സമാധാനവും ഭാഗ്യവുമിച്ഛിച്ചു ഇതിനെ നശിപ്പിച്ചുകളയുന്നു. പുകെക്കു സമാനം മാഞ്ഞുപോകുന്ന ഒരു വ്യർത്ഥസ്ഥിതി, മാനം, കീർത്തി പ്രാപിക്കുന്നതിനും ക്ഷണനേരം കൊണ്ടു കഴിഞ്ഞുപോകുന്ന ഇന്ദ്രിയ ഇഷ്ടത്തെ അനുഭവിക്കുന്നതിനും ആകുലചിന്തയുടെ വിഷയമായ സമ്പത്തു നേടുന്നതിനും വേണ്ടി മനുഷ്യർ ൟരം മോക്ഷസമാധാനത്തെ വെടിഞ്ഞുകളയുന്നതു ഭ്രാന്തല്ലയൊ? യൂദാ മുപ്പതു വെള്ളിക്കാശു മോഹിച്ചു തന്റെ ദിവ്യഗുരുവിനെ ഒറ്റിക്കൊടുത്തശേഷം അവനു എന്തു സമാധാനമുണ്ടായി? വന്നുകൂടിയ സമാധാനക്കേടും ഹൃദയക്കുടിയും മനോവ്യാകുലവും സഹിയാതെ, തൂങ്ങിച്ചാകുകയല്ലൊ ചെയ്തതു? ഇതാ ചതിയനായ ലോകം പറഞ്ഞൊക്കുന്ന സമാധാനം! ശ്ലേമോൻ തന്റെ ഇന്ദ്രിയങ്ങൾ ആഗ്രഹിച്ചു ഇഷ്ടിച്ച സകലവിധ ഇഷ്ടങ്ങളും ഐശ്വര്യസന്തോഷവും അനുഭവിച്ചിട്ടും ഒടുനാളും ആഗ്രഹിച്ച സമാധാനവും തൃപ്തിയും കിട്ടിയില്ലാ. ഇങ്ങിനെ ഇരിക്കെ, അനിത്യസന്തോഷവും ഭാഗ്യവും മഹിമയും ഇഷ്ടിച്ചു, അതുസാധിക്കുന്നതിനുവേണ്ടി, കൊക്രുടി തെളിവായി പറഞ്ഞാൽ, കുറെ പണം ഇഷ്ടിച്ചു, കുറെ മാനം ആഗ്രഹിച്ചു, ഒരല്പ നീച സന്തോഷത്തെക്കുറിച്ചു, മാതാപിതാക്കന്മാരും ഭാര്യഭർത്താക്കന്മാരും സഹോദരസഹോദരികളും സമീപസ്ഥരും ബന്ധുമിത്രങ്ങളും ഉപകാരികളുമായിട്ടുണ്ടായിരിക്കുന്ന ഹൃദയസമാധാനത്തെ വെടിഞ്ഞു, വഴക്കും ഭിന്നിതവും ശത്രുതവും അസൂയയും പരസ്പരം വളർത്തി പാലിച്ചു തങ്ങൾക്കും ശേഷംപേക്കും ധനനാശവും അത്മനാശവും വരുത്തുന്നതു ഭ്രാന്തല്ലയൊ? കർത്താവു ഇവർക്കു നൽകിയരുളിയ അമൂ

ല്യനിക്ഷേപമായ സമാധാനം ഇവരിൽ ഒരുനാളും നിവസിക്കയില്ല. തൻമൂലം ഇവർ നിത്യരക്ഷപ്രാപിപ്പാനും അസാദ്ധ്യമായിരിക്കുന്നു. ഇതിനാൽ "കത്താവിന്റെ സമാധാന ഉടമ്പടിയെ സരിക്കുന്നതിനു മനസ്സില്ലാത്തവൻ, കത്താവിന്റെ സമാധാനത്തിനു വന്നു ചേരുന്നതല്ല; എന്നുമാത്രമല്ല ക്രിസ്ത്യാനിയോടുകൂടെ സമാധാനമായിരിപ്പാൻ മനസ്സില്ലാത്തവൻ ക്രിസ്തുവിനോടു സമാധാനമായിരിപ്പാൻ പാടാകയില്ല" എന്നു വി. ആഗുസ്തീനോസു സാക്ഷിക്കുന്നു.

അപ്പൊഴൊ കത്താവു ഇഹലോകത്തിൽ പ്രവേശിക്കയിൽ, സ്വർഗ്ഗത്തിൽനിന്നു കൊണ്ടുവന്നു, മാലാഖവഴിയായി അറിയിച്ചതും താൻ ഇഹലോകത്തിൽ സഞ്ചരിച്ച കാലത്തു അതിതാല്പര്യമായി ഉപദേശിച്ചതും, ഉയിർത്തതുമുതൽ കരേറിയതുവരെ നമുക്കു ആശംസിച്ചതുമായ സമാധാനത്തെ നാം അത്യന്തം സ്നേഹിച്ചു കുടുംബങ്ങളിലും ഹൃദയത്തിലും പാലിച്ചുകാക്കേണ്ടിയിരിക്കുന്നു.

'തന്റെ കൈകളേയും വിലാവിനെയും അവൎക്കുകാണിച്ചു'. തന്റെകരങ്ങളിലും തിരുവിലാവിലും താൻ ഏറ്റതിരുമുറിവുകളുടെ അടയാളങ്ങൾ മാത്രമല്ലാ ദാരങ്ങൾ ക്രൂടെയും പാടുകളെ സഹിച്ചു മരണത്തെ ജയിച്ചു മഹത്വത്തോടെയത്തു തന്റെ തിരുശ്ശരീരത്തിൽനിന്നു മായ്തുപോകാതെ താൻ കാത്തിരുന്നു.

നമ്മുടെ പിതാവായ വി. തോമ്മാശ്ലീഹാ കത്താവിന്റെ ആജ്ഞാനുസരണം കൈയിട്ടു സ്പർശിച്ചതും ഒരം ദ്വാരങ്ങളിലൂടെയും നമ്മുടെ പിതാവായ വി. തോമ്മാശ്ലീഹാ കത്താവിന്റെ ആജ്ഞാനുസരണം കൈയിട്ടു സ്പർശിച്ചതും ഒരം ദ്വാരങ്ങളിലൂടെയും മഹത്വപ്പെട്ട തന്റെ ശരീരത്തിൽ താൻ കാത്തതു: ക. തന്റെ പാടുകളുടെ യഥാർത്ഥത്തിന്മേൽ മനുഷ്യൎക്കുണ്ടാകുന്ന സംശയത്തെ നീക്കുന്നതിനും മറുതലിച്ചുകൂടാത്ത ലക്ഷ്യവും സാക്ഷിയും ഉണ്ടായിരിക്കുന്നതിനും ഫ. തന്റെ പാടുകൾ വഴിയായി പാപത്തിന്മേലും മരണത്തിന്മേലും ലോകത്തിന്മേലും മാംസത്തിന്മേലും പിശാചിന്മേലും താൻ പ്രാപിച്ച ജയത്തിന്റെ വിരുതും ചിഹ്നവുമായിരിക്കുന്നതിനും ഭ. കത്താവു ഒരംതിരുമുറിവുകളെ തന്റെ പിതാവിനു കാണിച്ചുകൊണ്ടു നമുക്കു വേണ്ടി മദ്ധ്യസ്ഥം പറഞ്ഞു വേണ്ടുന്ന വരപ്രസാദങ്ങളെ ലഭിച്ചുതരുമെന്നു നല്ലമനോവിശ്വാസവും ബോദ്ധ്യവും നമുക്കു വരുത്തുന്നതിനും ര. നമ്മുടെനേരെയുള്ള സ്നേഹാധിക്യത്താൽ താൻ സഹിച്ച പാടുകളും തിരുമുറിവുകളും നമുക്കു ജ്ഞാപകപ്പെടുത്തി നാം മുഴുഹൃദയത്തോടുകൂടെ തന്നെ സ്നേഹിക്കുന്നതിനും തന്നെപ്രതി എന്തു പാടുപീഡകളും ദുഃഖസങ്കടങ്ങളും വേണ്ടിവന്നാൽ മരണവും സഹിക്കുന്നതിനും ങ. വിധിദിവസത്തിൽ ദുഷ്ടന്മാരായ ഒരം തിരുമുറിവുകളെ കാണിച്ചുകൊടുത്തു ലജ്ജിപ്പിച്ചു അവരുടെ അന്യായവും ദുഷ്ടതയും കൃതഘ്നതയും കൂടാപ്പെടുത്തി ശിക്ഷിക്കുന്നതിനും നല്ലവരെ ആശ്വസിപ്പിച്ചു മഹത്വപ്പെടുത്തുന്നതിനും വേണ്ടിയായിരിക്കുന്നുഎന്നു വി. ആഗുസ്തീനോസു, വി. ചീർല്ലോസ്, വി. അൻസേൽമുസ് ആദിയായ വേദപാരഗന്മാരും സാക്ഷിക്കുന്നു. അപ്പൊഴോ നമ്മുടെകത്താവിന്റെ തിരുമുറിവുകളിന്മേൽ വിശേഷ ഭക്തിയായിരുന്നു, അവ സഹിച്ചതിൽ നമ്മുടെനേരെ താൻ കാണിച്ചിരിക്കുന്ന അതുല്യ സ്നേഹത്തെ സദാ ഓൎത്തു അവസ്സുകാരണമായ നമ്മുടെ പാപങ്ങളെ അത്യന്തം വെറുത്തു ദ്വേഷിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ മോക്ഷത്തിൽ സൂൎയ്യരശ്മിയെ അതിക്രമിച്ചു പ്രകാശിക്കുന്ന ആ തിരുമുറിവുകൾ വിധിദിവസത്തിൽ നമ്മെ കൂടാപ്പെടുത്തി ശാസിക്കാതെ ആശ്വസിപ്പിച്ചു അവയിൽ നാം അഭയം തേടി നിത്യകാലം അനുക്രമവും ഭാഗ്യവും പ്രാപിക്കുന്നതിനു വേണ്ടി ഒരം തിരുമുറിവുകളുടെ പ്രാർത്ഥനയെ നാം ഭക്തിപൂൎവ്വം ജപിക്കുക. പരിശുദ്ധമൈ വമാതാവെ നിന്റെ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചരുളണമെ എന്നു ഒരം

ചെറിയതും ഫലസിദ്ധിയുള്ളതുമായ ജപത്തെ ക്രമത്തിൽ ചൊല്ലുക. എന്നാൽ ഇഹത്തിലും പരത്തിലും ഭാഗ്യപൂരിതരാകും നിശ്ചയം.

.൦൨൯ .൨ .൫

IV സാക്ഷാൽ ഭക്തി.

സാക്ഷാൽ ഭക്തി ഏതേതുവക സ്ഥിതിക്കാക്കും ജോലിക്കാക്കും യോജിക്കും. ദൈവം വിവിധതര ചെടികളെ സൃഷ്ടിക്കയിൽ, ഓരോ ചെടിയും അതാതിന്റെ തരത്തിന്നു സ്വന്തമായ ഫലങ്ങളെ പുറപ്പെടുത്തണമെന്നാജ്ഞാപിച്ചു. ഇപ്രകാരം തന്നെ സത്യതിരുസ്സഭയുടെ വിവിധ ചെടികളായ ക്രിസ്ത്യാനികളിലോരൊരുത്തർ താന്താങ്ങളുടെ സ്ഥിതിക്കും വിളിപ്പിന്നും ജോലിക്കും ഉദ്യോഗത്തിന്നും യോഗ്യമായ ഭക്തിയുടെ ഫലങ്ങളെ പുറപ്പെടുത്തുന്നതിന്നും ദൈവം ആജ്ഞാപിച്ചിരിക്കുന്നു. അതായതു: ഉയർന്ന സ്ഥിതിക്കാരനും താഴ്ന്ന സ്ഥിതിക്കാരനും നാഥനും ദാസനും വിധവസ്ത്രീയും ബാലികസ്ത്രീയും വിവാഹം കഴിച്ചവർക്കും വിവാഹം കഴിക്കാത്തവർക്കും പ്രത്യേകിച്ചുള്ള ഭക്തജീവിതമുണ്ടു. ഇതനുസരിച്ചാൽ ധാരാളം മതിയായിരിക്കുന്നു. ഇതിനാൽ ഓരോരോ സ്ഥിതിക്കാർക്ക സ്വന്തമായിട്ടുള്ള ഇത്തരം ഭക്തജീവിതം അവരവരുടെ ശക്തിക്കും ജോലിക്കും വേലസ്ത്രീക്കും ഒപ്പിക്കപ്പെട്ടതായിരിക്കണം.

ഒരു മെത്രാൻ സകല ചിന്തയിൽ നിന്നൊഴിഞ്ഞു ധ്യാനയോഗത്തിലിരിക്കുന്ന കർത്തൂസ്യാൻ സഭക്കാരെപ്പോലെ ഏകാന്തജീവിതം കഴിക്കുന്നെങ്കിൽ അതു ചിതമായിരിക്കയില്ല. ഭാര്യഭർത്താക്കന്മാർ കപ്പൂച്ചിൻ സഭ സന്യാസികളെപ്പോലെ, തങ്ങൾക്കു നിത്യവൃത്തിക്കു വേണ്ടുന്നവ അന്വേഷിച്ചുണ്ടാക്കുന്നതിന്നായൊരുവിചാരമില്ലാതെ ദാരിദ്ര്യം അനുസരിക്കണമെന്നും, വീട്ടുവേല നോക്കിയാൽ, ഭക്തി പോകുമെന്നും പറഞ്ഞു സ്വന്ത വേല ജോലിനോക്കാതിരിക്കുന്നതും, പരോപകാര ജീവിതാനുസാരികളായ സന്യാസികൾ സദാ പള്ളിയിൽ ജപിച്ചും ധ്യാനിച്ചും തങ്ങളുടെ വിളിപ്പിന്നു സ്വന്തമായതും കല്പിക്കപ്പെട്ടതുമായ കടമകളെ നോക്കാതിരിക്കുന്നതും, മറിച്ചു ഒരു സന്യാസികൾ തന്നെ സ്വന്ത ആത്മരക്ഷയ്ക്കും പുണ്യവർദ്ധനയ്ക്കും ആവശ്യമായിരിക്കുന്നവകളെ ഒട്ടും ഗണ്യംവെക്കാതെ അവിവേകമായ തീക്ഷ്ണതയോടെ ന്യായരഹിതമായ പരോപകാര വേലകളിൽ സദാ മുഴുകി പുറത്തു ചുറ്റി സഞ്ചരിക്കുന്നതും മാറും സാക്ഷാൽ ഭക്തിയല്ലാ; ഭക്തിയുടെ വികൃതരൂപങ്ങളും അതിക്രമങ്ങളുമാകുന്നു. എങ്കിലും വാസ്തവം പറഞ്ഞാൽ ഏറിയ ആളുകൾ ഓരോവിധ സ്വസ്നേഹത്താൽ തട്ടിക്കപ്പെട്ട ഭക്തിയെ തെറ്റായി ധരിച്ചു ഇപ്രകാരമുള്ള അബദ്ധത്തിൽ നിർഭാഗ്യമായി വീഴുന്നുണ്ടു.

എന്നാൽ സാക്ഷാൽ ഭക്തിയായി ജീവിക്കുന്നതിന്നു അവനവന്റെ സ്ഥിതിക്കും ജോലിക്കും വീഴ്ചയും ഉപേക്ഷയും വരുത്തണമെന്നില്ലാ. ഭക്തി ഓരോരോ സ്ഥിതിക്കാർക്കു വേണ്ടുന്നവകളെ പൂർത്തിയായി അലങ്കരിക്കുന്നതല്ലാതെ ഓരോരുത്തരുടെ കടമ്മിന്നും സ്ഥിതിക്കും പ്രതികൂലിക്കുന്നവകൾ ചെയ്യൽ അവ ഒരുവേള തന്നിൽതന്നെ എത്ര മേല്പെട്ട പുണ്യപ്രവൃത്തികൾ ആയിരുന്നാലും ഒരുനാളും ഭക്തിക്കു അനുകൂലമാകയില്ല; സാക്ഷാൽ ഭക്തിയെ നശിപ്പിക്കയും ചെയ്യും എന്നു ഗ്രഹിക്കേണ്ടിയിരിക്കുന്നു.

അരിസ്തോകലസ് എന്ന മഹാശാസ്ത്രി പറയുന്നതുപോലെ തേനീച്ച മധു വലിച്ചെടുക്കുമ്പോൾ പുഷ്പങ്ങൾക്കോ ഇലയ്ക്കോ കൊമ്പിനോ യാതൊരു കേടു വരുത്തുന്നില്ലാ. ഭക്തിയേക്കുറിച്ചു ഇപ്രകാരംതന്നെ പറയാവുന്നതാണു. എന്തെന്നാൽ ഭക്തി വിവാഹാവസ്ഥക്കാരോ സന്യാസികളോ ധനികരോ നിർദ്ധനരോ രോഗികളോ ആരോഗ്യരോ ഏതെ

തങ്ങളോ, ബാലകരോ യൌവനക്കാരോ വാൎദ്ധക്യരൊ, പുരുഷന്മാരൊ സ്ത്രീകളോ, നാഥരൊ ദാസരോ ആരായാലും യാതൊരുത്തക്കും യാതൊരുപദ്രവമൊ മോശമൊ വരുത്തുന്നില്ലാ. എന്നുമാത്രവുമല്ലാ അവരെ താന്താങ്ങളുടെ ജോലിവേലകളിൽ അലങ്കരിച്ചു പുണ്യപൂൎണ്ണരാക്കുകയും ചെയ്യുന്നു. അതെ ഓരോരുത്തർ താന്താങ്ങളുടെ സ്ഥിതിക്കും ജോലിക്കും തക്കവണ്ണം ജീവിച്ചു സ്വന്തകുടുങ്ങളെ വിശ്വസ്തതയോടും ശുദ്ധനിയോഗത്തോടും ജ്ഞാനനിമിഷതയോടും ചെയ്യുന്നതിൽ ഭക്തി അടങ്ങിയിരിക്കുന്നതിനാൽ, ഇപ്രകാരം നിവൎത്തിക്കുമ്പോൾ സാംഗോപാംഗരും ദൈവേഷ്ടരും ആകുമെന്നതു തൎക്കമറ്റ സംഗതിയാകുന്നു. ഇവരുടെ വേലജോലികളിലും പ്രയത്നങ്ങളിലും ദൈവാനുഗ്രഹം ധാരാളമായി ഉണ്ടാകും; കുടുംബത്തിൽ സ്വൎഗ്ഗീയ സമാധാനം നിവസിക്കും; കുടുംബങ്ങളിൽ അന്യോന്യ സ്നേഹ ബന്ധനം പ്രബലപ്പെട്ടിരിക്കും.

അപ്പൊഴോ സാക്ഷാൽ ഭക്തിയായി ജീവിപ്പാൻ സകലവും ഉപേക്ഷിച്ചു വനങ്ങളിലോ മഠങ്ങളിലോ ജീവിക്കുന്നവൎക്കല്ലാതെ ഗൃഹസ്ഥൎക്കുകച്ചവടവ്യാപാരികൾക്കും പടയാളികൾക്കും ഉദ്യോഗസ്ഥൎക്കും ക്രുലിവേലക്കാൎക്കും ബുദ്ധിയും പഠിപ്പും കുറഞ്ഞവൎക്കും സാധിക്കുന്നതല്ലെന്നു പറഞ്ഞു മടുത്തുകളയുന്നതു വലിയ അബദ്ധമാകുന്നു. സദാ ധ്യാനയോഗത്തിലിരുന്നുകൊണ്ടു സാധിക്കാവുന്ന ഭക്തജീവിതം വനവാസികൾക്കും സന്യാസികൾക്കും മാത്രമെ സാധിക്കയുള്ളു എന്നും കച്ചവടപീടികകളിലും കച്ചേരികളിലും പട്ടണത്തിലും സാദ്ധ്യമല്ലെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. എങ്കിലും ഓരോരൊ സ്ഥിതിക്കാൎക്ക സാധിക്കാവുന്നതും തക്കതുമായ സാക്ഷാൽ ഭക്തജീവിതമുണ്ടു. പഴയവേദത്തിൽ വി. അവുറാഹം, ഇസഹാക്കു, യാക്കോവു, ദാവീദ്, ഇയ്യോബു, ത്രുവീസ്, സാറാ, റബ്ബക്കാ, യൂദീത്ത് മുതലായവരും പുതിയവേദത്തിൽ വി. യൊസേപ്പു, ലൂദിയ, ക്രുസ്പീനോസ് മുതലായവരും ഇതിനു ഉത്തമ സാക്ഷികളായിരിക്കുന്നു. ഇവരിൽ പലരും വീട്ടുജോലിയിലും പണിപ്പുരയിലും മഹാ ദൈവഭക്തരായിട്ടാണു ജീവിച്ചിരുന്നതു. വി. അന്നാ, വി. മത്താ വി. മോനിക്കാ, വി. അകീയിലാ മുതലായവരും കുടുംബജോലികൾ അതി ശ്രദ്ധയോടും കൃത്യനിഷ്ഠയോടും നടത്തിയിരുന്നു. വി. കൊൎണ്ണേലിയോസ് വി. സെബസ്ത്യാനോസ് വി. മൌറീസ്യോസ് മുതലായവർ പാളയത്തിലും യുദ്ധത്തിലും തങ്ങളുടെ ജോലികളെ ശരിയായി നിവൎത്തിച്ചുകൊണ്ടു മഹാ ഭക്തരായി ജീവിച്ചിരുന്നു. കൊൺസ്റ്റന്തീനോസ്, ഏലന്നാ, ലൂദവിക്കോസ്, അമദേവൂസ്, ഹെനറീക്കോസ്, എദ്വാൎദ് മുതലായരാജാക്കളും രാജ്ഞികളും രാജചെങ്കോൽ വഹിച്ചും രാജകിരീടം ധരിച്ചും രാജസിംഹാസനങ്ങളിന്മേൽ ഇരുന്നുംകൊണ്ടു തന്നെ മഹാ വലിയ ദൈവഭക്തരായിരുന്നു.

എന്നു മാത്രവുമല്ലാ പുണ്യപൂൎണ്ണത പ്രാപിക്കുന്നതിനു എതൃയും തക്കതും അപേക്ഷിതവുമായ വനവാസത്തിൽ ജീവിച്ചിരുന്ന എതൃയോ പേർ നിൎഭാഗ്യമായി നശിപ്പാനിടയായിട്ടുണ്ടു? നേരെ മറിച്ചു ക്രൂരിയ ആളുകൾ, നേടിയ പുണ്യങ്ങളെല്ലാം നഷ്ടീഭവിച്ചു പോകുന്നതിനു തക്ക സ്ഥലങ്ങളായ് തെരുവുകളിലും പട്ടണങ്ങളിലും ജനബാഹുല്യത്തിലും ആഘോഷങ്ങളിലും ജീവിച്ചിരുന്നാലും തങ്ങളുടെ ഭക്തിക്കു അശേഷവും കോട്ടവും വാട്ടവും വരുത്താതെ കാത്തു, എന്നല്ല കിട്ടിയ കുട്ടികളെക്കൊണ്ടു കച്ചവടംചെയ്യ വൎദ്ധിപ്പിച്ചു വന്നിട്ടുണ്ടു. വി. ഗ്രിഗോരിയോസ് എഴുതിയിരിക്കുന്നതുപോലെ സ്സൊ എന്ന പട്ടണത്തിൽ മഹാ ഭക്തനും നീതിമാനുമായി ജീവിച്ചിരുന്ന ലോത്തു വനവാസ ജീവിതത്തിൽ മഹാ മോശക്കാരനായിതീൎന്നു അത്യുദ്ധ പാപത്തിൽ വീണു. അപ്പൊഴോ നാം ഏതു സ്ഥലത്തിലും അന്തസ്സിലു

മായിരുന്നാലും, ഭക്തിയായി ജീവിപ്പാൻ പാടുമുണ്ടു കടവുമുണ്ടു എന്നു നല്ല പോലെ ഗ്രഹിച്ചു ഓരോരുത്തരുടെ സ്ഥിതിക്കും വിളിപ്പിനും യോജിക്കുന്നതും അതിനെ അലങ്കരിക്കുന്നതുമായ ഭക്ത ജീവിതത്തെ അനുസരിക്കുന്നതിന്നു ദൈവസഹായത്തിന്മേലാശ്രയിച്ചു യഥാശക്തി ശ്രമിക്കുന്നെങ്കിൽ ഭേദമേന്യെ നാം മഹാ പുണ്യപ്പെട്ടവരും മോക്ഷപ്രാപ്തരുമാകും നിശ്ചയം. അതുകയാൽ ഓരോരുത്തർ തങ്ങളിരിക്കുന്ന അന്തസ്സിനു സ്വന്തമായ വിവിധ കടങ്ങളെ ഇതേവരെ എങ്ങിനെയാണു നിറവേറിവരുന്നതു എന്നാലോചിക്കട്ടേ. മാതാപിതാക്കന്മാർ കുടുംബത്തലവന്മാർ ഭാര്യഭർത്താക്കന്മാർ, മക്കൾ, സഹോദര സഹോദരികൾ, യജമാനന്മാർ ദാസർ, മേലുള്ളവർ, കീഴുള്ളവർ, ഗുരുക്കൾ ശിഷ്യർ മുതലായവർ പരസ്പര കടങ്ങളേയും ആചാരോപചാര മര്യാദകളേയും തീരെ വിസ്മരിച്ചു, രക്ഷിക്കേണ്ടവരെ രക്ഷിക്കാതെയും, ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കാതെയും പഠിപ്പിക്കേണ്ടവരെ പഠിപ്പിക്കാതെയും, സൽബുദ്ധിയുപദേശം പറഞ്ഞു കൊടുക്കേണ്ടവക്കു ഔചിത്യാനുസരണം പറഞ്ഞു കൊടുക്കാതെയും ഇരിക്കുന്നതു സാധാരണ കണ്ടുവരുന്നു. ഇതിനാൽ തങ്ങൾക്കും സ്വഭവനത്തിനും ആയൽക്കാരനും സ്വന്തനാട്ടിനും എത്ര വലിയ നാശങ്ങളാണുണ്ടാകുന്നതു? ഒരു നാശങ്ങളെ നിവാരണം ചെയ്വാനാഗ്രഹിക്കുന്നെങ്കിൽ ഓരോരുത്തർ താന്താങ്ങളുടെ കടമകളും അവയുടെ അതൃത്തികളും നന്നായി ഗ്രഹിച്ചു നിവർത്തിക്കേണ്ടിയിരിക്കുന്നുവെന്നു ഓർമ്മിപ്പിക്കുന്നു.

.ടെ.ഫ.ഗ

V ധാനധർമ്മ മാഹാത്മ്യം

(൩-ാം പു. ൨൧-ാം പ. തുടർച്ച)

ദാനധർമ്മം ധനം സമ്പാദിക്കുന്നതിനു ഉത്തമമാർഗ്ഗമാകുന്നു എന്നതുപറഞ്ഞതെളിയിക്കുന്നതിലേക്കുള്ളവേദാഗമസാക്ഷികളെ കണ്ടുവല്ലൊ. ഇനി വേദപാരഗന്മാരുടെ സാക്ഷികളെ കേട്ടുകൊൾവിൻ.

വി. യോഹന്നാൻ ക്രിസൊസ്തോമോസു പറയുന്നതായതു: "ധാനധർമ്മം ധനത്തെ ഏറാം വർദ്ധിപ്പിക്കുന്ന വിശുദ്ധ ബലിശയ്യ കൊടുപ്പായ ഏറാം ഉപകാരമുള്ള ധനവിനിയോഗം ആകുന്നു.,, തന്റെ ചണത്തെ അപൂവ്വ് ലാഭത്തോടുകൂടെ പെരുക്കുവാൻ ആഗ്രഹിക്കുന്നവൻ ഒരദൃശ്യമായ പുണ്യവ്യാപാരത്താൽ (ഭിക്ഷകൊടുക്ക) തന്നെ സമ്പന്നനാകട്ടെ എന്നു വിധു. ലേയോൻ ഉപദേശിക്കുന്നു. ക്രിസോലൊഗൊസ് എന്ന വിശേഷനാമമുള്ള വി. പത്രോസ് ദാനധർമ്മം സമ്പത്തിന്റെ വരാത്ത ഉറവയാകുന്നു എന്ന സത്യം ബോധിച്ചുകൊണ്ടു "നിങ്ങൾ ധനവാന്മാരാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ കരുണയിലും ധനവാന്മാരാകുവിൻ,, എന്നു കല്പിക്കുന്നു. വി. ബസ്സെലിയോസു മഹാൻ അന്നദാനത്തെ ശതഗുണം വർദ്ധിക്കുന്ന വിത്തിന്റെ വിതയോടു ഉപമിക്കുന്നു. ഒരു അഭിപ്രായത്തെ വിധു. പൌലോസ് ഓർശ്ലെമ്മിലുള്ള സാധുക്കൾക്കു ഔദാര്യപൂവ്വം ധർമ്മംചെയ്വാൻ ക്രേന്തോസക്കാരായ ക്രിസ്ത്യാനികളോടു ഉപദേശിക്കയിൽ വിശദമായി അറിയിക്കുന്നു. ലോഭത്തോടെ വിതക്കുന്നവൻ ലോഭത്തോടെ കൊയ്യും, എന്നാൽ ധാരാളമായിവിതക്കുന്നവൻ ധാരാളമായി കൊയ്യുകയും ചെയ്യും. (൨ക്രോ. ൯. ൬)വി. യൊഅന്നീസ പ്രസ്തുത വാക്യത്തെവ്യാഖ്യാനിച്ചുകൊണ്ടു പറയുന്നതായ്തു: ശ്ലീഹാ ദാനധർമ്മത്തെ വിത്തിനോടു ഉപമിക്കുന്നതെന്തുകൊണ്ടെന്നാൽ ദാനധർമ്മത്തിന്നു കിട്ടുവാനിരിക്കുന്ന പ്രതിഫലം എത്ര വലുതാകുന്നു എന്നു സ്പഷ്ടമായികാണിപ്പാൻ ആകുന്നു. "ദാനധർമ്മം ഒരു വിശേഷതരം കൃഷിയാകുന്നു. ഇതിൽ വിത്തിനു പകരം അന്നമാകുന്നു വിതയ്ക്കു

ന്നതു; ഇതിൽനിന്നു ഉപരിയായും അപൂർവ്വമായും ഉള്ള വിളവുകിട്ടുന്നു'' എന്നു വി. ഈറാനിമോസ് സാക്ഷിക്കുന്നു.

ദാനധർമ്മത്തിൻറെ ഉപകാരത്തെ അനുഭവിച്ചറിഞ്ഞ ചിലയാളുകളുടെ സാക്ഷിതപത്തെ കേട്ടുകൊൾവിൻ. തുസ്കനിയുടെ പ്രഭുപരനായ കോസിമോസ് പറയുന്നതായതു: ഞാൻ ദൈവത്തോടു വാണിജ്യം ആരംഭിച്ചതിൽ പിന്നെ എൻറെ കണക്കു പരിശോധിക്കയിൽ ദാരിദ്ര്യക്കൊടുത്ത എല്ലാ ദാനധർമ്മത്തിനും നൂറിരട്ടിയായുള്ള പ്രതിഫലം ഇനിക്കു കിട്ടിവരുന്നതായി ഞാൻ കാണുന്നു. വി. എൽസിയാർ, തൻറെ സ്വത്തെല്ലാം ഭാരിച്ച കടത്തിൽ മുഴുകിയിരിക്കുന്നതു കണ്ടു അതിനെ വേഗത്തിൽ ഋണമുക്തമാക്കുന്നതിനുവേണ്ടി, ഭിക്ഷുക്കൾക്കു ഉദാരപൂർവ്വം ദാനധർമ്മം ചെയ്വാൻ നിശ്ചയിച്ചു. ഒരുവിധം പ്രവർത്തിച്ചാൽ തൻറെ കടം ഭരം വർദ്ധിക്കയില്ലയൊ എന്നു സ്നേഹിതന്മാർ അയാളോടു ചോദിക്കയിൽ, അവരോടു നിങ്ങൾക്കു ദൈവത്തിൽ വിശ്വാസമുണ്ടൊ? തനിക്കുവേണ്ടി കൊടുക്കുന്ന ദാനധർമ്മത്തിനു ശതഗുണഫലം തരും എന്നു നമ്മോടു അങ്ങനെ പറഞ്ഞൊത്തിട്ടില്ലയൊ? അപ്പഴൊ എൻറെ ആസ്തിയെ വേഗത്തിൽ ഋണമോചനപ്പെടുത്തുവാൻ ഏറ്റവും നിശ്ചയമുള്ള മറ്റൊന്നുമാർഗ്ഗം നിങ്ങൾ ഇനിക്കു കാണിച്ചുതരും? എന്നുപറഞ്ഞു. അയാളുടെ ആശപ്രകാരം എല്ലാം നിറവേറുകയും ചെയ്തു. അയാൾ എത്രയധികം ഭിക്ഷ കൊടുത്തുവന്നൊ അത്രയുമധികം ക്ഷേമമുള്ളവനായിവന്നു. അല്പകാലംകൊണ്ടു അയാൾ തൻറെ ആസ്തിയൊക്കയുടെ ഏകസ്വത്രന്ത്രയജമാനനായി തീരുകയുംചെയ്തു.

അതുകയാൽ നാം ഭിക്ഷക്കാക്കു കൊടുക്കുന്നതു കളകയല്ല, ദൈവം തിരികെ വലിയ ഉഭയത്തൊട്ടുകൂടെ തരുന്നതിനായി അതിനെ നിക്ഷേപിക്കയാകുന്നു. അങ്ങനെ അളവറ്റൊദാര്യപ്രകാരം ദൈവം നമുക്കു പ്രതിഫലം തരും. എൻറെ ഒരും ചെറിയ സഹോദരന്മാരിൽ ഒരുവനോടു നിങ്ങൾ ചെയ്തതു നിങ്ങൾ ഇനിക്കു തന്നെ ചെയ്തു, എന്നു സത്യമായി ഞാൻ നിങ്ങളോടുപറയുന്നു (മത്ത. ൨൫. ൪൦) എന്ന വേദവാക്യപ്രകാരം ദരിദ്രക്കു വേണ്ടി നാം ചെയ്യുന്നതെല്ലാം ദൈവം തനിക്കായിട്ടെന്നപോലെ കണ്ടുകൊള്ളുന്നു. തിരികെ നൂരിരട്ടിയായി നമുക്കു തരുന്നതിനായിട്ടുമാത്രം കൈകൊള്ളുന്നു. ഇതിനാൽ വി. അഗുസ്തീനോസു പറയുന്നതായതു: ദാനധർമ്മം ചെയ്യുന്നവൻ താൻ കൊടുക്കുന്നതിൽ അധികം കൈക്കൊള്ളുന്നു. യോഹന്നാൻ ക്രിസോസ്തോമോസു ധർമ്മത്തെ മാത്രം ലാഭമുള്ള വ്യാപാരം എന്നു വിളിക്കുന്നു. വി. ബെർണാർദ് ഇതിനെ ശുദ്ധമുള്ള പണവ്യാപാരം എന്നു വിളിക്കുന്നു. പണവ്യാപാരം പാപംകൂടാതെനടത്തുവാൻ പ്രയാസം. എന്നാൽ ദാനധർമ്മം പരിശുദ്ധമായുള്ള പലിശയുംകൊടുപ്പും, ഏതുയും നീതിയായുള്ള വാണിജ്യവുമാകുന്നു. അതുകയാൽ ശ്രീഹന്മാരുടെ നടപടിയിൽനിന്നെടുക്കപ്പെട്ട (൨൦. ൩൫.) ഒരും പ്രസിദ്ധവാക്യംകൊണ്ടു നമുക്കു അവസാനിപ്പിക്കാം. "വാങ്ങിക്കുന്നവനെക്കാൾ കൊടുക്കുന്നവൻ ഏറ്റവും ഭാഗ്യവാനാകുന്നു,, അന്യന്മാർ നമുക്കു തരുന്ന ദാനങ്ങളിൽ നാം സന്തോഷിക്കുന്നുവെങ്കിൽ, ദൈവസ്നേഹത്തെപ്രതി അന്യർക്കു കൊടുക്കുന്നതിൽ നാം ഏറ്റവും സന്തോഷിക്കണം.

അതുകയാൽ നിങ്ങളുടെ ആസ്തിയെ ഏറ്റവും സ്നേഹിക്കുന്ന ധനവാന്മാരെ, നിങ്ങളുടെ ധനത്തെ രക്ഷിക്കുന്നതിനു ഏറ്റവും ഭദ്രമായുള്ള മാർഗ്ഗവും അതിനെ വർദ്ധിപ്പിക്കുന്നതിനു ഏറ്റവും ശീഘ്രമായ ഉപായവും ദാനധർമ്മമാകുന്നു എന്നു കടശിയായെങ്കിലും നിങ്ങൾ സമ്മതിക്കുന്നൊ? ദൈവത്തെക്കാൾ ഏറ്റവും നല്ല ജാമ്യം നിങ്ങൾ ആവശ്യപ്പെട്ടുന്നൊ?

. ൫൨ . ൨ . ൫

VI വേദപാരഗനായ വി. നസ്യൻസൂ ഗ്രിഗോരിയോസിന്റെ ചരിത്രസംക്ഷേപം.

(തിരുനാൾ ഇടവം ൯.)

വി. ഗ്രിഗോരിയോസു നസ്യൻസു, ഗ്രിഗോരിയോസു നോന്ന എന്ന മാതാപിതാക്കന്മാരിൽ നിന്നു കപ്പദോച്ചിയായുടെ ഒരു ചെറിയ പട്ടണമായ നസ്യൻസിൽ ൩൲ൽ പിറന്നു. ഇദ്ദേഹത്തിന്റെ അമ്മ തനിക്കു ഒരു പുത്രനുണ്ടാകുന്നതിനു അത്യന്തം ആഗ്രഹിച്ചു ദൈവത്തോടപേക്ഷിക്കയും, തന്റെ ഗർഭാഗ്രഹം സാധിച്ചതുപോലെ കരുതി, പിറപ്പാനിരുന്ന പുത്രനെ, പണ്ടു അന്ന ശ്മൂയേലിനെ ദൈവത്തിനു പ്രതിഷ്ഠിച്ചതുപോലെ, ദൈവത്തിനു പ്രതിഷ്ഠിച്ചുകൊള്ളാമെന്നു വാഗ്ദത്തം ചെയ്കയും ചെയ്തു. ഇതിനാൽ കുട്ടി പിറക്കുന്നതിനു മുമ്പുതന്നെ ദർശനത്തിൽ അതിന്റെ മുഖഭാവം കാണിക്കപ്പെട്ടതുകൂടാതെ, അതിന്നിടുവാനുള്ള പേരും അറിയിക്കപ്പെട്ടു. ഏറെ താമസിയാതെ പിറന്ന പുത്രനെ നന്ദിപൂർവ്വം ദൈവത്തിനു പ്രതിഷ്ഠിച്ചു. ഗ്രിഗോരിയോസു പൈതൽപ്രായത്തിൽ തന്നെ സ്വഭാവഗുണംകൊണ്ടും ബുദ്ധിസാമർത്ഥ്യംകൊണ്ടും കാഴ്ച ശേഷികൊണ്ടും തന്റെ സമന്മാർക്കു അത്യധികം മേല്പെട്ടിരുന്നു. മേല്പട്ട പഠനങ്ങൾക്കുവിഘ്നങ്ങളായപൈതങ്ങൾക്കുത്ത കളിവിളയാട്ടങ്ങളെയും ആശാപാസസന്തോഷങ്ങളെയും അശേഷം വെറുത്തുപേക്ഷിച്ചിരുന്നു. കുറെ മുതിർന്ന ശേഷം, ശാസ്ത്രങ്ങളെ പഠിക്കുന്നതിനുള്ള ആഗ്രഹത്താൽകേസറിയായിൽപോയി അവിടെ സമർത്ഥരായ ഗുരുക്കന്മാരുടെ കീഴിൽ വളരെ ശാസ്ത്രങ്ങൾ പഠിച്ചു. അവിടെനിന്നു പലസ്തീനായിക്കും പിന്നീടു അലക്സാന്ത്രിയായ്ക്കും പോയി. കുറെക്കഴിഞ്ഞുശാസ്ത്രങ്ങളിൽ കീർത്തിപെട്ട പട്ടണമായ അത്തേനായിലേക്കുള്ള കപ്പൽ പ്രയാണത്തിൽ വലിയ കൊടുങ്കാറും ഓളവുമുണ്ടായി, കപ്പൽ അപായത്തിൽ അകപ്പെട്ടു, എല്ലാവരും അടുത്തിരിക്കുന്ന മരണത്തിന്മേൽ ഭയന്നു ഭ്രമിച്ചിരിക്കയിൽ, ഗ്രിഗോരിയോസു ജ്ഞാനസ്നാനം പ്രാപിച്ചിട്ടില്ലായ്കയാൽ, ആത്മമരണത്തിന്മേൽ അത്യന്തം ഭയന്നു വ്യസനിച്ചിരുന്നു. ഇതിനാൽ ദൈവത്തിന്റെ നേരെ മനോവിശ്വാസം നിറഞ്ഞു പണ്ടു മെസ്രേനിലും ചെങ്കടലിലും വനത്തിലും ഓറംഗീഹോയിലും പറഞ്ഞൊപ്പിന്റെ നാട്ടിലും ദൈവം ചെയ്ത അനേകം അത്ഭുതങ്ങളെ ജ്ഞാപകത്തിൽ വരുത്തിക്കൊണ്ടു, തന്നെയും ശേഷംപേരെയും ഓരം ആപത്തിൽ നിന്നു രക്ഷിക്കണമെന്നും, രക്ഷപെട്ടശേഷം ജ്ഞാനസ്നാനം കൈക്കൊണ്ടു അങ്ങേശുശ്രൂഷക്കു തന്നെമുഴുവനും പ്രതിഷ്ഠിച്ചുകൊള്ളാമെന്നും നിലവിളിച്ചു പറഞ്ഞതിനോടെ പ്രയാണികളെല്ലാവരും സമീപിച്ചിരുന്ന അപകടത്തെ തീരെ വിസ്മരിച്ചുചെന്നപോലെ മഹാ ഭക്തിവണക്കത്തോടെ ഇദ്ദേഹത്തിന്റെ പക്കൽ ചെന്നു ഒരുമിച്ചുപ്രാർത്ഥിച്ചിരുന്നു. അതേ സമയത്തുതന്നെ തന്റെ മാതാപിതാക്കന്മാരും ഓരംഭയങ്കരാപത്തു ദൈവവെളിവാലറിഞ്ഞു വ്യസനിച്ചു, അത്യന്ത ഭക്തിയോടെ ദൈവത്തോടു അപേക്ഷിച്ചിരുന്നു. അതിനാൽ പെട്ടെന്നു കൊടുങ്കാറും ഓളവും ശമിച്ചു പൂർണ്ണ സമാധാനത്തോടെ അത്തേനായിൽ ചെന്നു ചേർന്നു. അക്കാലത്തിൽ വി. ബസ്സെല്ലിയോസു പഠനത്തിന്നായി അവിടെ വരികയാൽ ഇരുവരും തമ്മിൽ പരിചിതരായി ഒരുമിച്ചു ദീർഘകാലത്തേക്കു സകലവിധ ശാസ്ത്രവിദ്യകളിലും അഭ്യസിച്ചിരുന്നതിനോടെ സകലവിധ സുകൃതങ്ങളിലും സന്മാർഗ്ഗ നടപടികളിലും പരസ്പര മത്സരത്തോടും സഹായത്തോടുംകൂടെ തങ്ങളെ തഴക്കിയിരുന്നു. ഉന്മാർഗ്ഗികളായിരുന്ന ഇവരുടെ സഹാദ്ധ്യേതാക്കളോടു ഇവർ യാതൊരുസംസർഗ്ഗവും ചെയ്യാതെ സന്മാർഗ്ഗികളായവരെ മാത്രം ഇവർ സന്ദർശിച്ചിരുന്നു. ഏ

ന്നുകൊണ്ടെന്നാൽ ദുർമ്മാതൃകയെപ്പോലെ ഇതുനാശകരമായ വേറെ യാതൊരു സാംക്രമിക രോഗവും ഇല്ലായെന്നു ഇവർ നന്നായി ഗ്രഹിച്ചിട്ടുണ്ടായിരുന്നു. അതേതൻ പട്ടണത്തിൽ ഇവക്ക് അറിയപ്പെട്ടതായി രണ്ടു പാഥകൾ മാത്രമെ ഉണ്ടായിരുന്നൊള്ളു. ഇവകളിൽ ഒന്നു ദേവാലയത്തിലേക്കുള്ളതും മറേറതു പള്ളിക്കൂടത്തിലേക്കുള്ളതുമായിരുന്നു. നാടകാലയങ്ങളിലേക്കൊ വിരുന്നാഘോഷങ്ങൾ നടക്കുന്ന സ്ഥലങ്ങളിലേക്കൊ ഉള്ള വഴികൾ ഇവർ അറിഞ്ഞിരുന്നില്ല. ഇത്തരം നടപടികൾ ക്രിസ്തീയ യുവാക്കന്മാക്ക് എത്രയൊ നല്ല ദൃഷ്ടാന്തം?

രണ്ടുപേരും പഠനംകഴിഞ്ഞു പിന്തിരിയുന്നതിന്നുനിശ്ചയിച്ചെങ്കിലും വി. ഗ്രിഗോരിയോസിന്റെ ശാസ്ത്രനിപുണതയും സന്മാർഗ്ഗനിഷ്ഠയും ഗ്രഹിച്ചു, തന്നെയുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ അതിശയമായി ബഹുമാനിച്ചിരുന്നതുകൊണ്ടും അദ്ദേഹം അവരുടെ ഒരു ഉപദേഷ്ടാവായി താമസിക്കുന്നതിന്നു തന്നെ നിബ്ബന്ധിച്ചു. ഇതിനാൽ കുറേനാൾ അവിടെ പാർത്തു എല്ലാവരും അതിശയിക്കത്തക്കവണ്ണം ശാസ്ത്രങ്ങൾ പഠിച്ചശേഷം സ്നേഹിതന്മാരെ സമ്മതിപ്പിച്ചു, സ്വദേശത്തിലേക്കു പിന്തിരിഞ്ഞു മുൻ പ്രതിജ്ഞാനുസരണം ജ്ഞാനസ്നാനം പ്രാപിച്ചു. കുറെകഴിഞ്ഞു ഏകാന്തജീവിതംകഴിച്ചുതന്നെ മുഴുവനും ദൈവത്തിനു പ്രതിഷ്ഠിക്കുന്നതിനു കരുതിയിരിക്കയിൽ പലരുടെ നിബ്ബന്ധത്താൽ ഗുരുപ്പട്ടമേറ്റു. എന്നാൽ അതിലും മേല്പെട്ട സ്ഥാനങ്ങളിലോട്ടു തന്നെ ഉയർത്തുവാൻ പോകുന്നു എന്നറിഞ്ഞു പോന്തൂസു എന്ന സ്ഥലത്തേക്കു ഒളിച്ചുപോയി, മഹാശാസ്ത്രിയും തന്റെ പൂർവ്വസഖിയുമായ ബസീല്ലിയോസിനോടുകൂടെ ജീവിച്ചു ശാസ്ത്രഅഭ്യാസം ചെയ്തിരുന്നു. എന്നു മാത്രമല്ല സുവിശേഷസൽബുദ്ധികളുടെ സാരാംശങ്ങൾ അതിവ്യക്തമായി ഗ്രഹിച്ചിരുന്നതിനാൽ, സന്ന്യാസജീവിതക്രമങ്ങളെ ഇരുവരുംകൂടി എഴുതിയുണ്ടാക്കി അതിന്നനുസരണമായി നടന്നുവന്നതുകൂടാതെ അവർ ശിഷ്യപ്പെടുവാനാഗ്രഹിച്ചു വന്നവരെ ദയാപൂർവ്വം കൈക്കൊണ്ടു പ്രസ്തുത സന്ന്യാസജീവിതക്രമത്തിൽ അവരെ അഭ്യസിപ്പിച്ചിരുന്നു. അതിന്റെ ശേഷം വി. ബസ്സീല്ലിയോസു ഇദ്ദേഹത്തെ സാസ്സിയെന്നൊരു ജനങ്ങൾക്കു മെത്രാനായി നിശ്ചയിച്ചിരുന്നുവെങ്കിലും തനിക്കു ഏകാന്തജീവിതത്തിന്മേലുണ്ടായിരുന്ന താല്പര്യവും ആസ്ഥലത്തുണ്ടായിരുന്ന ചില വഴക്കും നിമിത്തം അതേൽക്കുന്നതിനു വിസമ്മതം കാണിച്ചു. എങ്കിലും പിന്നീടു വി. ബസീല്ലിയോസിന്റെയും മറുപല മഹാന്മാരുടെയും പരിശ്രമത്താൽ സ്വദേശമായ നസ്യാൻസിലെ ശ്രുതഭരണം ഇദ്ദേഹത്തിനേൽപ്പിക്കപ്പെട്ടു. അവിടെക്കേറ്റക്കാലം ഭരിച്ചുവരികയിൽ അരിയോസ്ക്കാരു പരിശുദ്ധത്രീത്വത്തിനു വിരോധമായ പല അബദ്ധങ്ങൾ കൊൺസ്താന്തീനോപ്പോലി പട്ടണത്തിൽ പ്രബലപ്പെടുത്തിയിരുന്നതിനാൽ അതിനെ മൂലച്ഛേദനം ചെയ്യുന്നതിനായി ദൈവശാസ്ത്രത്തിലും വിശിഷ്യാ പരിശുദ്ധ ത്രീത്വത്തിന്റെ മഹോന്നത രഹസ്യത്തിലും പ്രത്യേക ജ്ഞാനവെളിവു പ്രാപിച്ചിരുന്ന വി. ഗ്രിഗോരിയോസു ദൈവപരിപാലനയാൽ ആ രാജധാനിപ്പട്ടണത്തിലെ മേലദ്ധ്യക്ഷനായി മാറപ്പെട്ടു. ഇതിനാൽ അവിടെ ചെന്നു മഹാധീരതയോടെ ഇടത്തുട്ടുകാരോടു തർക്കിച്ചു സത്യത്തിന്റെയും ന്യായത്തിന്റെയും ശക്തിയാൽ അവരെ തോൽപ്പിച്ചു ആ പട്ടണത്തിനു ഭവിച്ച ജ്ഞാനമുറിവുകളെ സൌഖ്യമാക്കി സകലവും ക്രമീകരിച്ചു.

അപ്പോൾ ഇതാകത്താവിന്റെ മനുഷ്യസ്വഭാവത്തിന്റെ യഥാർത്ഥത്തെ നിഷേധിച്ചിരുന്ന അപ്പോളിനാരിയോസ് എന്ന ഒരുത്തൻ ഏറിയ ആളുകളെ തട്ടിച്ചു നാശവഴിയിലകപ്പെടുത്തുവാൻ തുടങ്ങുകയാൽ അവനോടു എതുത്തു വളരെ ധീരതയോടെ തർക്കിച്ചു സത്യത്തെ തെളിയിപ്പാൻ ശ്രമിച്ചു. ഒരു മഹോന്ന

ത രഹസ്യത്തിന്റെ സത്യത്തെ ആദരിക്കുന്നതിൽവച്ചു വളരെ ഞെരുക്കങ്ങളും നിന്ദാപമാനങ്ങളും സഹിക്കേണ്ടിവന്നു. എന്നുമാത്രമല്ല തന്നെ കല്പെറിയുകയും കലഹക്കാരനെപ്പോലെ ന്യായാസനങ്ങളിൽ കൂറപ്പെടുത്തുകയും ചെയ്തിരുന്നു. എങ്കിലും പ്രത്യേക ദൈവാധീനത്താൽ യാതൊരാപത്തും കൂടാതെ രക്ഷപെട്ടു. മറുപല കത്തോലിക്കാ വേദ വിരോധികളോടെതുത്തു ന്യായശക്തിയാലെയും യുക്തിയാലെയും അവരെ തോല്പിച്ചതിനാൽ ഇദ്ദേഹത്തിന്റെ കീർത്തി തിരുസ്സഭ ഒട്ടുക്കു വ്യാപിച്ചു 'ദൈവശാസ്ത്രജ്ഞൻ' എന്നീ സ്ഥാനപ്പേരിനു പാത്രീഭവിച്ചു.

ദൈവസ്തുതിമേലും ആത്മരക്ഷമേലും ഉണ്ടായിരുന്ന അതി തീഷ്ണതയാൽ തന്റെ വിചാരണയ്ക്കുൾപ്പിക്കപ്പെട്ടിരുന്നവരുടെ ജ്ഞാനദൃഷ്ടിവൃദ്ധിയിന്മേൽ സദാ ശ്രദ്ധിച്ചു അവരിൽ കണ്ടിരുന്ന തെറ്റുകളേയും കുറവുകളേയും മാധുര്യ്യ ഉപദേശങ്ങളാലും സ്നേഹം നിറഞ്ഞ ശാസനകളാലും ദൂരീകരിച്ചിരുന്നു. തന്നിൽ നിറഞ്ഞു കവിഞ്ഞിരുന്ന പരസ്നേഹത്തിന്റെ അധികൃത്താൽ രോഗികളെ സന്ദർശിക്കുന്നതിലും പീഡിതരെയും ദരിദ്രരേയും ആശ്വസിപ്പിക്കുന്നതിലും പ്രദർശിപ്പിച്ചിരുന്ന അതുല്യ സ്നേഹവാത്സല്യം, ആശ്ചര്യജനകമായിരുന്നു. ഒരു മഹാ ജോലികളുടെയിടയിൽ ചിലപ്പോൾ പട്ടണം വിട്ടു ഏകാന്ത സ്ഥലത്തു ചെന്നു ജപ ധ്യാനത്തിന്നായി ദീർഘനേരം ചിലവഴിച്ചിരുന്നു. ഇങ്ങനെയിരിക്കയിൽ, ആ ദേശങ്ങളിൽ പ്രബലപ്പെട്ടിരുന്ന അബദ്ധ പഠനങ്ങളെ നിർമ്മൂലമാക്കുന്നതിലും മറുമായി സാധാരണ തിരുസംഘം അവിടെക്കുട്ടപ്പെട്ടു. അതിൽ അരിയോസിന്റെ നാശ വിഷം തീണ്ടിയ ഏറിയ മെത്രാന്മാരും ഉണ്ടായിരുന്നതിനാൽ, ദുഷ്ടക്കൂട്ടം ഒരു കണ്ണികോടാലിപോലെയിരുന്ന വി. ഗ്രിഗോരിയോസ് രാജധാനി പട്ടണത്തിന്റെ വൈദിക മേലദ്ധ്യക്ഷനായി സ്ഥാപിക്കപ്പെട്ടതിന്മേൽ വിസമ്മതം കാണിച്ചു ഇദ്ദേഹത്തെ മാറുന്നതിനു ശ്രമിച്ചിരുന്നു. എന്നാൽ അന്തിയോക്യാ പാത്രിയർക്കീസായിരുന്ന മെലേസിയൂസ് എന്ന വന്ദ്യ പുരോഹിതൻ വി. ഗ്രിഗോരിയോസിന്റെ ശാസ്ത്രവും പുണ്യവും യോഗ്യതാംശങ്ങളും നന്നായി ബോധിച്ചിരുന്നതിനാൽ ആദ്ദേഹത്തെതന്നെ ഉറപ്പിക്കുന്നതിനു സകല ശ്രമവും ചെയ്തുവെങ്കിലും ഏതൊരാമസിയാതെ ഒരു വന്ദ്യ പുരോഹിതൻ കാലം ചെയ്തതിനാൽ വി. ഗ്രിഗോരിയോസിന്റെ വിരോധികൾ ശക്തിപെട്ട കലഹം ഉണ്ടാക്കിയിരുന്നു. ഇതിനാൽ ഒരാദ്ദേഹം തന്നെപ്രതി കലഹം ശക്തിപെടുന്നു എന്നുകണ്ട സമാധാനം പാലിക്കുന്നതിനും തനിക്കു ഏതുയും ഇഷ്ടമുള്ള ഏകാന്തത്തെ വീണ്ടും കണ്ടെത്തുന്നതിനും ഇതു നല്ല അവസരമെന്നു കരുതി സംഘത്തിൽ വച്ചുതന്നെ സന്തോഷപൂർവ്വം സ്ഥാനം രാജിവെച്ചു തന്റെ അരമന ഉപേക്ഷിച്ചു പള്ളിയിൽനിന്നു അകലെയായിരുന്ന ഒരു വീട്ടിൽചെന്നു ഏകാന്ത ജീവിതം കഴിച്ചു. തന്നെ തിരികെ വിളിപ്പിച്ചു തൃപതഭരണം ഏൽപ്പിക്കുന്നതിനു പലരും ശ്രമിച്ചു എങ്കിലും താൻ അതിനു സമ്മതിച്ചില്ല. തന്റെപേർക്കു നിക്കാരിയൂസ് എന്നദ്ദേഹം സ്ഥാപിക്കപ്പെട്ടശേഷം ജനങ്ങളോടും വൈദികരോടും സാരവത്തായ ഉപദേശങ്ങൾ പറഞ്ഞുകൊടുത്തശേഷം സ്വദേശത്തുവന്നു അവിടെ ജപധ്യാനത്തിലും കഠിന തപസ്സിലും ജ്ഞാനപുസ്തകങ്ങൾ വായിക്കുന്നതിലും എഴുതുന്നതിലും ചിലവഴിച്ചു. ഒരു മഹാൻ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ സത്യവേദപഠനങ്ങളെ ഉറപ്പിക്കുയും സന്മാർഗ്ഗികളെ ഉപദേശിക്കുയും ചെയ്യുന്ന ജ്ഞാനനിക്ഷേപങ്ങളായി ഗണിക്കപ്പെടുന്നു. കടശി ദൈവസ്നേഹത്താൽ നിറഞ്ഞും പുണ്യയോഗ്യതകളിൽ അധികരിച്ചും [illegible]ാം വയസ്സിൽ ഭാഗ്യമായ മരണം പ്രാപിച്ചു ദൈവസ്തുതിക്കും

ആത്മരക്ഷക്കുംവേണ്ടി താൻചെയ്ത വേലകൾക്കും സഹിച്ച ബുദ്ധിമുട്ടുകൾക്കും സമ്പാദിച്ച പുണ്യങ്ങൾക്കും യോഗ്യമായ പ്രതിസമ്മാനം കൈക്കൊള്ളുന്നതിനായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചു.

അപ്പൊഫോ വിദ്യാഭ്യാസകാലത്തു സമ്പാദ്യ ജീവിതവും ദൈവപേടിയും കാക്കുന്നതിനും ദുഷ്ടസഖികളെ വർജ്ജിച്ചു നല്ലവരോട് സഖ്യത കൂട്ടുന്നതിനും സത്യവേദത്തെ അനുസരിച്ചാദരിക്കുന്നതിൽ നേരിടാവുന്ന കഷ്ടാരിഷ്ടങ്ങളെ സഹിക്കുന്നതിനും വി. ഗ്രിഗോരിയോസു നമുക്കു ഒരുത്തമ മാതൃകയായിരിക്കുമെന്നു പറയേണ്ടിയിരിക്കുന്നു.

൨. ൨൮.

VII ദൈവജനനിയുടെ സഹായത്താൽ ഒരമ്മയും മകളും ജീവനാശത്തിൽ നിന്നു രക്ഷപെട്ടതു.

അലക്സാന്ത്യാപട്ടണത്തിൽ ഒരു ഭക്തിയുള്ള കുടുംബത്തിൽ ഒരു ഭർത്താവും ഭാര്യയും ഈവരുടെ ഒരു പുത്രിയും വസിച്ചിരുന്നു. ഇവർ ദൈവ ജനനിയുടെ മേൽ അതി ഭക്തരായി ഏറിയ സുകൃതകൃത്യങ്ങളെ ഒരം പരിശുദ്ധ മാതാവിനെക്കുറിച്ചു ചെയ്തുകൊണ്ടു വന്നിരുന്നു. ഇങ്ങനെ ഇരിക്കയിൽ, വീട്ടുടമസ്ഥൻ ഒരുകാര്യം മുഖാന്തരം കൊൺസ്തന്തീനൊപ്പൊലി പട്ടണത്തിലെക്കു യാത്ര പുറപ്പെട്ടുവാനിരിക്കുന്നതു, അവന്റെ ഭാര്യ അറിഞ്ഞു, അവനോടു ദീർഘ്രയാണം കഴിക്കാൻ പോകുന്നതുകൊണ്ടു, എന്നെയും മകളെയും ആരുടെ സങ്കേതത്തിൽ ഏല്പിക്കുവാനാണ് പോകുന്നതെന്നു ചോദിച്ചു. ഇതിനു ഭർത്താവു നമ്മുടെ വീട്ടിൽ താമസിക്കുന്ന ഒരംവയോധികൻ വിശ്വസ്തനായിരിക്കുന്നു. ഇതുകൂടാതെയും നിങ്ങളെ ദൈവ ജനനിയിൻ തൃക്കരങ്ങളിൽ ഏൽപ്പിക്കുന്നു. ഒരം പരിശുദ്ധനാഥ നിങ്ങളെ എല്ലാ ആപത്തനർത്ഥങ്ങളിൽനിന്നും സംരക്ഷിക്കും. ഇതിനായി പ്രത്യേകം ഞാനും പ്രാർത്ഥിക്കുന്നുണ്ട് എന്നു പറഞ്ഞു യാത്ര പുറപ്പെട്ടുപോയി.

വീട്ടിൽ നിന്നിരുന്ന മുൻ പറയപ്പെട്ട ശുശ്രൂഷി എല്ലായ്പ്പോഴും വിശ്വസ്തനായി നടന്നിരുന്നെങ്കിലും ഒരം അവസരത്തിൽ പിശാചിന്റെ തന്ത്രത്താൽ അവനു തോന്നിയ ദുർബുദ്ധിയായതു: ഇപ്പോൾ എജമാനൻ ഇവിടെ ഇല്ലാത്തതുകൊണ്ടു ഒരംവീട്ടിൽ ഇരിക്കുന്ന ധനമൊക്കയും കരസ്ഥമാക്കി വേറെ നാട്ടിലോട്ടു പൊയ്ക്കളയാം. ഇതിനു യജമാനന്റെ ഭാര്യയും കൂട്ടിയും ഒരു തടവായിരിക്കുന്നു. അതുകൊണ്ടു ഇവരെ സംഹരിച്ചുകളയാം എന്നു വിചാരിച്ചു. ഇപ്രകാരം ഇവൻ വിചാരിച്ചുകൊണ്ടു വീട്ടിനകത്തു കയറി ഒരു കത്തിയെടുത്തു അമ്മയും മകളും താമസിച്ചിരുന്ന മേൽതട്ടിൽ കയറിച്ചെന്നു. എന്നാൽ വീട്ടുടമസ്ഥൻ യാത്രപുറപ്പെട്ടന്നതിനു മുമ്പു തന്റെ പത്നിക്കും പുത്രിക്കും യാതൊരനർത്ഥവും ഭവിക്കാതിരിക്കുന്നതിനു ഭരമേല്പിച്ചു പോയിരുന്ന പരിശുദ്ധ ദൈവജനനിയുടെ രൂപത്തെയും മകളേയും ആ ദുഷ്ട ഊഴിയക്കാരന്റെ കയ്യിൽനിന്നു കാത്തോദരിച്ചു.

ആയതു എങ്ങിനെ എന്നാൽ ഒരം ദുഷ്ടശുശ്രൂഷി, മുറിയുടെ വാതുക്കൽ ഇവരെ സംഹരിക്കുന്നതിനായി നിൽക്കുകയിൽ അത്ഭുതമായ ഒരുകരം ഇവനെ തള്ളി താഴെയിട്ട. അവൻ വീണ്ടും എഴുന്നേറ്റു അവർ കിടക്കുന്ന സ്ഥലത്തെക്കു ചെല്ലുന്നതിനു വളരെ ശ്രമിച്ചെങ്കിലും വാതിൽ കാണാതിരിക്കുകകൊണ്ടും അവന്റെ കണ്ണിനെ ദിവ്യജനനി കുരുടാക്കിയതിനാൽ അങ്ങുമിങ്ങും തപ്പിനടക്കുന്നതിനല്ലാതെ മുറിയിൽകേറുവാൻ സാധിച്ചില്ല. അകത്തു കിടന്നിരുന്ന തള്ളയും മകളും ഇവൻ തപ്പിനടക്കുന്ന സ്വരം കേട്ടു അതാരാണെന്നു ചോദിച്ചതിനു അവൻ ഇങ്ങോട്ടു വരുവിൻ എന്നു പറഞ്ഞു. ഇതു അവർ കേ

ട്ടിട്ട സാരം വെച്ചില്ല. രണ്ടാം പ്രാവശ്യവും അവൻ 'നിങ്ങൾ ഇങ്ങോട്ട വരുവിൻ' എന്ന വിളിക്കയിൽ അവർ പറഞ്ഞതായതു: നീ എന്താ ഒരു ഭ്രാന്തനെപ്പോലെ കിടന്ന കാണിക്കുന്നതു; നിനക്ക വല്ലകാര്യമുണ്ടെങ്കിൽ ഇങ്ങോട്ട വരാം.

അവൻ തൻെറാലാക്ക സാധിപ്പാൻപാടില്ലെന്നുകണ്ടും അവരുടെവാക്ക കേട്ടും വളരെ അരിശവും ലജ്ജയും പൂണ്ടുതൻെറകയ്യിലിരുന്ന കത്തികൊണ്ടുതന്നെത്താൻ കഠിനമായികുത്തിമുറിപ്പെട്ടത്തി സ്വാന്തരക്ഷത്തിൽ തന്നെ കിടന്ന ഉരുണ്ടുകൊണ്ട നിലവിളിച്ചിരുന്നു. ഒരം നിലവിളികേട്ട ചുറുമുള്ള ആളുകളും സക്കാരധികാരികളും വന്നക്രൂടി, വിവരം ചോദിക്കയിൽ നടന്ന വത്തമാനമെല്ലാം പറഞ്ഞറിയിച്ചശേഷം മരിക്കയും ചെയ്തു. മേൽപറഞ്ഞ അമ്മയും മകളും ഇവയെല്ലാം കേട്ട അതിശയപരവശരായി വീട്ടിലുണ്ടായിരുന്ന ദിവ്യജനനിയുടെ സന്നിധാനത്തിൻ മുമ്പാകെ ദണ്ഡനമസ്കാരം ചെയ്തു തങ്ങൾക്ക മാതാവു ചെയ്ത ഇത്ര മഹാ സഹായത്തെപ്പറ്റി അങ്ങേക്ക അത്യന്തസ്തുതിസ്തോത്രം ചെയ്തു.

അനന്തരം വിട്ടടമസ്ഥൻ പിന്തിരിഞ്ഞു വന്നശേഷം നടന്ന ഒരം സംഭവങ്ങളെ അവനോട്ട അറിക്കയും ഇരുവരും ദേവമാതാവിനെ സ്തുതിക്കയും പിന്നീട്ട ഏറാം ഭക്തിയും ശരണവും ഒരം മാതാവിൻെറമേൽ വെച്ച ജീവിക്കയും ചെയ്തുവന്നു.

അപ്പോഴൊ പ്രിയ വായനക്കാരരെ! നാം ദിവ്യജനനിക്ക നമ്മെ മുഴുവനും ഭരമേല്പിച്ചു അങ്ങെ ഭക്തരായി ജീവിക്കുന്നതായാൽ നമ്മെ സകല ആപത്തിൽ നിന്നും രക്ഷിക്കുമെന്നാച്ചുകൊണ്ട നമ്മെ മുഴുവനും ഒരം അമ്മയ്ക്ക ഭരമേല്പിച്ചു അവിടത്തെ പ്രത്യേക ഭക്തരായി ജീവിപ്പാൻ ശ്രമിപ്പിൻ.

൦൯.2

VIII അപേക്ഷ.

ജപം നിത്യരക്ഷ പ്രാപിക്കുന്നതിനു എത്ര ആവശ്യമുള്ളതൊ, അത്രയ്ക്കും സൌകര്യമുള്ളതുമായിരിക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നമ്മ അതിൻെറ പ്രകൃതിയാൽ തന്നെ ശേഷം വസ്തുക്കളിലോട്ട ചിന്തുന്നതായിരിക്കുന്നു. ഇതിനാൽ സകലനന്മസ്വരൂപിയായിരിക്കുന്ന ദൈവം തൻെറ നന്മകളെയും വരപ്രസാദങ്ങളെയും മനുഷ്യരിലോട്ട ചിന്തുന്നതിനു സദാ ആഗ്രഹിച്ചു തൻെറ അറുതിയില്ലാത്ത ദാനങ്ങളുടെ ഭണ്ഡാരവാതിൽ അടയ്ക്കാതെ സകലർക്കും തുറന്നിരിക്കുന്നു. നമ്മുടെ അപേക്ഷയേയും ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും കേട്ട നൽകുന്നതിനു സദാ സന്നദ്ധനായിരിക്കുന്നു. നമുക്കു നന്മചെയ്യുന്നതിനു എപ്പോഴും ചാഞ്ഞിരിക്കുന്നു. ഇതിൽ ദൈവം പ്രദർശിപ്പിക്കുന്ന സ്നേഹധാരാളം സാക്ഷാൽ അവർണ്ണനീയമാണു. ഒരംയസാമാന്യ ധാരാളത്തെപ്പറ്റി നാം സർവ്വദാ തൻെറ നേരെ വളരെ നന്ദികാണിപ്പാൻ കടമയിരിക്കുന്നു. വിശേഷിച്ചും നമുക്കാവശ്യമായ വരപ്രസാദങ്ങൾ നാം തന്നോട്ട അപേക്ഷിക്കുന്നതിനു പലപ്പോഴും നമ്മെ പ്രോത്സാഹിപ്പിക്കുന്നുവെന്നു കാണുന്നതു അതിശയമല്ലയൊ? ഒരം വിഷയത്തിൽ നാം മനസ്സിരുത്തി ഗൌനിക്കേണ്ട ഒരു സത്യമുണ്ട. ഒരു രാജാവു പ്രജകളുടെ ഓരോവക ആവശ്യങ്ങൾ തന്നോട്ടണഞ്ഞിക്കുന്നതിനാ ആണ്ടിൽ ഒരു ദിവസം മാത്രം നിശ്ചയിച്ചു അതിനു ഒരു സ്ഥലവും കുറിച്ചു അന്നു ആ സ്ഥലത്തു മാത്രം അവരുടെ ആവലാധികൾ കേട്ടരുളുകയുള്ളു എന്നായിരുന്നാൽ, അതു തന്നെ രാജാവിൻെറ മഹാ വലിയ സ്നേഹവും കൃപയുമാണെന്നു ഏവരും പറയും. എന്നാൽ ആണ്ടിലൊരിക്കൽ അല്ല, മാസത്തിലൊരിക്കൽ ആവലാധികളെ കേൾക്കാമെന്നു മനസ്സായാലൊ? ആഴ്ചയിൽ ഒരിക്കൽ ആവലാധിയുമേ

ക്ഷകൾ സ്വീകരിക്കുമെന്നാലൊ? ഒ! എത്ര വലിയ ഭാഗ്യമായി വിചാരിച്ചേനെ; എത്ര വല്യ ആഗ്രഹത്തോടെ ആ ദിവസം പാത്തിരുന്നേനെ, എത്ര ദീർഘയാത്രയെങ്കിലും ചെയ്യ എത്ര വല്യ അദ്ധ്വാനവും സഹിച്ചു വേണ്ടി വന്നാൽ പണവും വ്യയം ചെയ്യ ആ സ്ഥലത്തേക്കു പോയെനെ. എന്നാൽ ഒരു ദൈവം ഇപ്രകാരം തന്റെ പ്രജകളായ നമ്മുടെ അപേക്ഷകളെ കേട്ടരുളുന്നതിനു ആണ്ടിൽ ഒരുദിവസവും സ്ഥലവും മാത്രം നിശ്ചയിച്ചിരുന്നെങ്കിൽ ഒ! എത്ര വലിയ ഭാഗ്യമായി വിചാരിക്കണം? മാസത്തിലൊരിക്കൽ, ആഴ്ചയിലൊരിക്കൽ, ഒ! എന്തു പറയേണ്ടു? ദിവസത്തിലൊരിക്കൽ മാത്രമായാലൊ? അതു എത്രവലിയ ഉപകാരസഹായമായി വിചാരിക്കണം? എത്ര വലിയനന്ദിയും സ്നേഹവും കാണിക്കണം? ആയവസരത്തെ എത്രവലിയാഗ്രഹത്തോടെ പാത്തിരിക്കണം? ആണ്ടിൽ, മാസത്തിൽ, ആഴ്ചയിൽ ഒരിക്കൽ എന്നില്ല; നിശ്ചയിക്കപ്പെട്ടരുനേരത്തിലും സ്ഥലത്തിലും എന്നുമില്ല; എപ്പോഴും ഓരൊക്ഷണനേരത്തിലും എവിടെയും തന്നോടു അപേക്ഷിക്കാം; അവലാധികളെ ബോധിപ്പിക്കാം. അപേക്ഷയ്ക്കു ഇത്രയ്ക്കും സ്വാതന്ത്ര്യവും സൌകര്യവുമാണ താൻ നമുക്കു നൽകിയിരിക്കുന്നതു.

(തുടരും.)

ലോകവർത്തമാനച്ചുരുക്കം.

യുദ്ധം.

കരക്കു ഇപ്പോൾ സാരമായ യുദ്ധം ഒന്നും നടക്കുന്നു എന്നു പറവാനില്ല. മുക്ഡനിലും മറ്റും വെച്ചുണ്ടായ അപജയങ്ങളാൽ മനസ്സുമടുത്തു റഷ്യാ സമാധാനത്തിനു ആലോചിക്കുമെന്നാണ് പലരും അഭിപ്രായപ്പെട്ടിരുന്നതു. ചില അമേരിക്കൻ പത്രങ്ങൾ അവിടത്തെ പ്രസിഡണ്ടു സമാധാനപ്പെടുത്തുന്നതിനു വേണ്ടപരിശ്രമങ്ങൾ ചെയ്യുന്നതായും പറയുന്നുണ്ടു. എങ്കിലും ഇവയെല്ലാം തീരെഅടിസ്ഥാനമില്ലാത്തവയെന്നതോന്നുമാറു കപ്പൽ സന്നാഹം ഇതാ വിസ്താരമായ ഇന്ത്യാകടലും കടന്നു ചീനകടലിൽ എത്തിയിരിക്കുന്നു. ഇന്ത്യാകടലിൽവെച്ചു തന്നെ എതുക്കെണമെന്നു വെച്ചു പുറപ്പെട്ടിരുന്ന ജപ്പാൻ കപ്പൽ സന്നാഹത്തെ അറിയിക്കാതെയൊ പിന്നോക്കംഓടിച്ചൊ എങ്ങിനെഇന്ത്യൻകടൽ കടന്നു എന്നു ഇതുവരെ വെളിൽ ആയിട്ടില്ല. ചില ചില്ലറയുദ്ധം നടന്നതായി കാണുന്നു. ചീനക്കടലിലേക്കുറഷ്യൻകപ്പലുകൾകടപ്പാൻ സമ്മതിക്കയില്ലന്നാണു എല്ലാവരും വിചാരിച്ചിരുന്നതു. റഷ്യക്കു പല സഹായത്തിനും മാർഗ്ഗമുള്ളതും കടലിലേക്കു കടത്തിവിട്ടതു ജപ്പാനു ഒട്ടും നന്നായില്ലെന്നാണ് പലരുടേയും അഭിപ്രായം.

൨. ലോകത്തിൽ ഉള്ളതിലേക്കും ദീർഘമുള്ളതുരങ്കം ഇററലിയുടെയും സിസ്സേർലാണ്ടിന്റെയും മദ്ധ്യയുള്ള സിബ്ളോൻ എന്ന മലയുടെ അടിയിൽ കൂടി ഇപ്പോൾ ഉണ്ടാക്കീട്ടുള്ളതാണ് ഇതിന്റെ നീളം ൧൨ മയിലിൽ അധികമുണ്ടു. ഇതിലേക്കുള്ള ചിലവു അഞ്ചുകോടി രൂപയോളം ആകും. ഇതിന്റെ പണി ൧൮൯൮ ആഗസ്റ്റിൽ ആരംഭിച്ചു. ൧൯൦൫ ഫെബ്രുവരി അവസാനത്തോടെ തീർന്നു. ആരംഭംമുതൽ നിരന്തരം ൬൦൦ പേർ വേലചെയ്തിരുന്നു. മലയുടെ ഉച്ചിയിൽ നിന്നു സൻനൂവു അടിതാഴെ ആണ ൧൨ തുരങ്കം പോകുന്നതു.

൩. നി. വ. ദിവ്യശ്രീ എഡ്വാർഡു൭ മഹാനവർകളും മറും റോമിൽ സുഖമായി എത്തിയതായി അറിയുന്നു.

൪. പിഴതിരുത്തൽ– കഴിഞ്ഞ ലക്കം ൨൭൩ വക്ഷം രണ്ടാം കോളം രണ്ടാം വരിയിൽ പ്ലോരെൻസ് എന്നു കാണുന്നതു അച്ചുപിശകാണു. ബരെൻസ് എന്നു വായിക്കേണ്ടതാണു.

൫. സ്ഥലത്തെ ആശ്രമദേവാലയത്തിൽ ഈ മാസം ൧൭, ൧൮, ൧൯ എന്ന തീയ്യതികളിൽ പതിവിൻപ്രകാരം നാല്പതുമണി ആരാധനയും ൧൯൨൨- വിശുദ്ധയൌസേപ്പുപിതാവിന്റെ തിരുനാളും നടത്തപ്പെട്ടുന്നതാണു്.

൬. തപാൽ പരിഷ്കാരം— ഇപ്പോൾ അര അണയ്ക്കു പോകുന്ന എഴുത്തിനു അരതോലയിൽ അധികം ഘനമുണ്ടായിരിക്കരുതല്ലൊ. എന്നാൽ ഏപ്രിൽ ൧൯൨൨ മുതൽ അരയണാ മുദ്ര ഒട്ടിച്ചാൽ മുക്കാൽതോല ഘനമുള്ള എഴുത്തുകളും ഇൻഡ്യയിൽ എവിടെയും പോകുന്നതാണെന്നു തപാൽ ഡിപ്പാർട്ടുമെൻറിൽനിന്നും പരസ്യം ചെയ്തിരിക്കുന്നു.

൭. മുന്നു ഒന്നിനു രണ്ടര രൂപാവച്ചു വിറ്റിരുന്ന ഉപ്പിന്റെ വില ഒരു പായാക്കിയിരിക്കുന്നു. ബ്രിട്ടീഷിലും വില കുറച്ചിട്ടുണ്ടു.

൮. നെൽക്കരം നിത്തൽ ചെയ്യുന്നതു യുക്തമൊ എന്നു മഹജരിൽനിന്നും പേഷ്കാരന്മാരോടു എഴുതിച്ചോദിച്ചതായി അറിയുന്നു.

൯. ഇരുപത്തയ്യായിരം ചാക്കു നെല്ലു കയറ്റിയിട്ടുള്ള ഒരു കപ്പൽ ഒരാഴ്ച തിരുവനന്തപുരത്തു അടുത്തിരിക്കുന്നു.

൧൦. കൊച്ചിയിൽ നാ൦,൦൦൦ പെട്ടി മണ്ണെണ്ണ അമേരിക്കയിൽനിന്നും ഒരു കപ്പലിൽ കൊണ്ടുവന്നിറക്കിയിരിക്കുന്നു.

൧൧. റഷ്യചക്രവർത്തിക്കു സൈബീരിയ൪ഷ്യൻ ഗ്രിമുള്ള ഒരു കൊട്ടാരത്തിന്റെ ഭിത്തി "കട്ടിപ്പൊൻ ഫലകങ്ങൾകൊണ്ടു പരിശോഭിപ്പിച്ചതാകുന്നു" പോൽ.

൧൨. വിഷത്തെ അശേഷം നശിപ്പിക്കുന്നതിനുള്ള അത്ഭുതശക്തി റൊഡിയെത്തിനുണ്ടെന്നു പ്രാൻസിലെ രസവാദശാസ്ത്രികൾ പരീക്ഷിച്ചു കണ്ടിരിക്കുന്നു. പാമ്പുകടിച്ചു മൃതിപ്പെട്ടുന്നവർക്കു ഇതു ഒരു മൃതസംജീവിനി ഉണ്ടായിരിക്കുന്നു.

൧൩. ഹൈക്കോർട്ടിൽ ൨ ജഡ്ജിമാരുണ്ടായിരുന്നതിൽ ഒരാളെ കുറച്ചു നു പേരെ ആക്കുന്നതിനും ജൂഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ പല പരിഷ്കാരങ്ങൾ ചെയ്യുന്നതിനും ഭാവമുള്ളതായി കാണുന്നു.

൧൪. കൊച്ചി സംസ്ഥാനത്തു നൂതനമായി വിദ്യാഭ്യാസ സാഹായിക ധനച്ചട്ടം ഒരുയിട നടപ്പാക്കുന്നുണ്ടെന്നും അതിൻപ്രകാരം പ്രാഥമിക വിദ്യാലയങ്ങൾക്കു ധാരാളം പണം അനുവദിച്ചു കൊടുക്കുന്നതാണെന്നും കേൾക്കുന്നു.

൧൫. ഭൂകമ്പം. ഒരു കഴിഞ്ഞ൨൨- ഇണ്ടൃയിൽ ഇതിനുമുമ്പു ഉണ്ടായിട്ടില്ലാത്തതുപോലെ അത്ര കഠിനമായ ഒരു ഭൂകമ്പം ഉണ്ടായി. മദ്രാസ് പ്രസിഡൻസിയിൽ അധികം ഇളക്കമുണ്ടായില്ല. ഹിമവൻ പ്രദേശങ്ങളിലെവിടെയൊ ആണു കമ്പം ആരംഭിച്ചതു. കാശ്മീർ പഞ്ചാബ് ഒരു രാജ്യങ്ങളിലും ഇതിനടുത്തും ഉണ്ടായ ഇളക്കം എത്രയും ഭയങ്കരമായിരിക്കുന്നു. ലാഹോർ മസൂരി മയാൻകാൻഗ്രി സാനുവിലെ തേയില വിളഭൂമി ധർമ്മശാല മുതലായ സ്ഥലങ്ങളിൽനിന്നും സഹസ്രാനുസഹസ്രം ജനങ്ങളുടെ പ്രാണങ്ങളെ ഭൂകമ്പംകൊണ്ടു ക്ഷണേന ബലാൽ അപഹരിച്ചു. അംഗവൈകല്യം വന്നവർ അനേകായിരം വേറെയുമുണ്ടു. ഏറ്റവും ഉറപ്പുള്ളതെന്നു ഗണിക്കപ്പെട്ടിരുന്ന കെട്ടിടങ്ങൾ പോലും അധഃപതിച്ചു പോയിരിക്കുന്നു. മുതൽനഷ്ടം വന്നതു കോടികൾകൊണ്ടു ഗണിച്ചറിയേണ്ടതാണു. സിമ്ലായിലും പല കെട്ടിടങ്ങൾക്കും നാശം വന്നു. കഴ്സൻപ്രഭുപതി അപകടത്തിലകപ്പെടാതെ ദൈവഗത്യാ രക്ഷപെട്ടതാണു. യൂറോപ്യന്മാർ പലരും അവിടെ മരിച്ചിട്ടുണ്ടു. ഇതിന്റെ ഒരു വിവരണം ഗവമ്മെണ്ടിൽ നിന്നും താമസിയാതെ പ്രസിദ്ധപ്പെടുത്തും. ഇപ്പോൾ വിവശരായ ജനങ്ങൾക്കു ഗവമ്മെണ്ടിൽ നിന്നും പല സഹായങ്ങളും ചെയ്യുന്നുണ്ടു.

൧൬. ഭൂകമ്പംകൊണ്ടു കാൻഗ്രാ സാനുവിൽ നാല്പതിനായിരത്തിൽപരം ആളുകൾ മരിച്ചിട്ടുണ്ടു.

൧൭. ലണ്ടനിൽ ആണ്ടു ൧൬ അമ്പതു ലക്ഷം നേന്ത്രക്കുലയിറക്കുമതി ചെയ്യുന്നുണ്ടു.

കമ്മലകുസുമം മാസിക വരിപ്പണം അടച്ചവരുടെ പേരു വിവരം.

ഒരു രൂപാവിതം

മ. രാ. രാ. അവർകൾ.

ചിറയിൽ പീടികയിൽ കണക്കെഴുത്തു വുഗീസു, മഞ്ഞൂർ ഉലുപ്പൻ, വെള്ളാപ്പള്ളി കുരുവിള, പാളിയിൽ പുത്തമ്പുരയിൽ ഉലഹന്നൻ, ചങ്ങനാശേരി ചാക്കൊ ചാക്കൊ, ബ. മൂരിക്കൻ തോമ്മാ ക. ബ. ക്രുക്കമറ്റത്തിൽ മത്തായി ക, ബ. പുലിക്കുന്നൽ സ്കറിയാ ക, ചോലംകരി കൊച്ചുതറെ യൌസേപ്പു, താഴത്തു വക്കി, കണിയന്ത്രതരിയൻ, ബ. ചക്കാലയിൽ സ്കറിയാ ക, മണിപ്പാടമാകുന്ന വരമ്പിനകത്തു വക്കി, കുന്നതറെ ഇട്ടപ്പു ഔസേപ്പു, മേനാമ്പാമ്പിൽ കുഞ്ഞൻ, കുഴിപ്പാമ്പിൽ അന്ത്രയോസ് ഉലഹന്നൻ, കൊടവത്തു പാക്കുവട്ടക്കാട്ടുശേരി കൊച്ചാണ്ടി ചാക്കൊ, മാടമ്പാകത്തു കൊച്ചുമാത്തു, കുരിശുംകൽ ചാണ്ടി വക്കി; ചുള്ളിക്കൽ ബന്യാൻ ജോസെപ്പ്, അരങ്ങുപറമ്പിൽ ചാണ്ടി മാണി അന്ത്രയോസ്, ഇണ്ടിക്കുഴിയിൽ ചാക്കൊ ചാക്കൊ, കരിത്തറെ ഔസേപ്പു, മണ്ണാറമാത്തു, വാഴപ്പമ്പിൽ ഔത, തെക്കെവയ്യാറെ കൊച്ചാക്കൊ, പാറയിൽ കുരുവിള ചാണ്ടി, കോരേഴത്തു കുരുവിള വക്കി, കെ. വി. വസ്സ്യാൻ, കെ. സി. കുട്ടിവാദ്ധ്യാർ, പുത്തമ്പുരയ്ക്കൽ പോത്തൻ ഔസേപ്പ്, ഇ. കെ. അരുളപ്പൻ പിള്ള, Rev. Fr. L. Windthorst, പുത്തൻവീട്ടിൽ വക്കി മാത്തു, കുന്നംകരി ചാക്കൊ കൊച്ചാക്കൊ, വന്യമ്പാമ്പിൽ പൌലൊ മത്തായി, പുത്തമ്പുരയ്ക്കൽ വക്കി കുഞ്ഞവുത, പാലത്തുങ്കൽ ഇട്ടിയവിരാ മിഖേൽ, മോഴരു ദേവസ്യാ ചാക്കൊ, കുന്നിയിൽ യോഹന്നാൻ കുരുവിള, കുന്നിയിൽ യോഹന്നാൻ ചാക്കൊ, മാപ്പിളച്ചിരിൽ തൊമ്മൻ തൊമ്മി, നാൽകുത്തു യൌസേപ്പു, തയ്യൽ മത്തായി ചാക്കൊ, പാലത്തുങ്കൽ കോശി ചാക്കൊ, ഐക്കരെ തോമ്മാ, കാഞ്ഞുപ്പറമ്പിൽ കളത്തിൽ ചാണ്ടി, പടവുപുരയ്ക്കൽ കുരുവിള, തരകമ്പാമ്പിലായ ചിറയ്ക്കൽ കുഞ്ഞുതൊമ്മി ഔസേപ്പു, പുരയ്ക്കൽ പുത്തൻപുരയിൽ മാത്തൻ കുഞ്ഞൊറിയാ, തുണ്ടത്തിൽ വരത്തിക്കൽ കുഴിൻ, പള്ളിക്കുട്ടമ്മൽ മേടയിൽ ഔസേപ്പു, ബ. മാടക്കുഴിച്ചേരിൽ യൌസേപ്പു ക. കൊമ്പിന്തു യൌസേപ്പു വുഗീസു, പുത്തമ്പാമ്പിൽ തൊമ്മൻ ഉവീസു, കോനാട്ട കുരുവിള അന്ത്രോനി, അക്കരെവീട്ടിൽ ഔസേപ്പു, ബ. പുത്തമ്പാമ്പിൽ ഔസേപ്പുപ്പൻ, കരിക്കമ്പള്ളിൽ വക്കി ഔസേപ്പു, ഇട്ടിയംപറമ്പിൽ റോത്ത യൌസേപ്പു, വാണുപുരയ്ക്കൽ വക്കി ഔസേപ്പു, കൊഴുപ്പക്കുളത്തിൽ മാണി അവുസേപ്പു, സി സി. ജോസെപ്പു നീരോവിൽ വലിയവീട്ടിൽ വടക്കത്തിൽ മത്തായ് പീറർ പ്രുണാൻസ്, മറ്റത്തിൽ കുഞ്ഞവുത, തോട്ടത്തിൽ പൈലി, മാപ്പിളക്കുന്നേൽ മത്തായി, വടക്കൻ സാനി. പുയ്യാളിൽ ഔസേപ്പു കോര, ചക്കിരിയംതടത്തിൽ ചാണ്ടി യൌസേപ്പു, ചക്കിരിയംതടത്തിൽ യൌസേപ്പു അവിരാ, അലപ്പാട്ട ദേവസ്സി, തലയോടിൽ മത്തായി, തെള്ളിപ്പറമ്പിൽ യൌസേപ്പു, Rev. Fr. John Rebeiro D. D. Mrs. Caroline F. Noronha, Mrs. Philomena Fernandez, ബ. കട്ടക്കയത്തു യാക്കൊ ക. കുരുമാത്തേരിൽ വിസ്സന്തി ജോരുസു, ബ. പയ്യനാട്ട യൌസേപ്പു ക. പൊന്നേക്കാട്ട കുരുവിള, ബ. കോട്ടയ്ക്കൽ പവ്യാനസു ക. എം. ഐ. കൊച്ചുകുഴിൻ തരകൻ, കുന്നതറെ ഇട്ടപ്പു ഔസേപ്പു, ബ. കുന്നേച്ചിരി യോഹന്നാൻ ക. എസ്. ജോസേപ്പു, Massers P. Pappy & Co. ബ. പാറയമ്മാക്കൽ മത്തായി ക. ബ. പണ്ടിക്കാരൻ കുറിയാക്കോസു ക. തളിയത്തു യൌസേപ്പു പൌലോസു, പാവട്ടിഎന്ന മാനാടൻ തോമ്മാ ഔസേപ്പു, വടക്കുംചേരിൽ പൈലി ചാക്കുപ്പൻ, കോയിക്കരെ വറിയു ഔസേപ്പു, മേനാച്ചേരിൽ വക്കി വറിയു, മേനാച്ചേരിൽ ഔസേപ്പു ഔസേപ്പു, മേനാച്ചേരിൽ വക്കി ഔസേപ്പു, ബ. മേനാച്ചേരിൽ യൌസേപ്പു ക. തട്ടിൽപോത്തുക്കാരൻ വറിയു അന്തോനി, കെ. വി. വക്കി, താടിക്കാരൻ കുന്തുവറിയു വൈദ്യൻ, ഇ. ഇ. ജോസെഫ്,

REGISTERED No M. 365

പഞ്ചാംഗം.

ഫൽഗുന മെയ് — മുതൽ മേടം. — ഇടവം.

ഇംഗ്ലീഷ്		മലയാളം		വിശേഷ ദിവസങ്ങൾ	
മാസം	തിയ്യതി	തിയ്യതി	ദിവസം		
മേടം	ക	കാർ	തി	(✠) ശ്രീ. പിലിപ്പു. യാക്കോബ്ലീ. നക്ഷ. വെ. മു	൬
	ഖ	ഖാ	ചൊ	ശ്രീ. അ. മൈ. മ. അൽഫാ. സ. ആ. കു. വെ. വെ	൬
	ന	ഖ	ബു.	ശ്രീ. കുരിശു കണ്ടെത്തിപ്പു. സ. ആ. കു. വെ.	മു ൬
	ര	ഖ	വ്യാ	ശ്രീ. വിധവ. മോനിക്കാ. സ. ആ. കു. വെ.	വെ ൬
	ഒ	ഖ	വെ	ശ്രീ. മക്കാ. ഏവൻ. (മേ. ഖ) സ. കു. വെ.	മു ൭൬
	സ	ഖ	ശ	ശ്രീ. യോഹ. ഒക്ടോ. ആ. ലത്തീ. സ. ആ. കു. വെ.	മു ൬
	ഴ	ഖ	ഞാ	✠ ഉയിർപ്പു ഖ–ാം ഞ്ഞാ. സ. കു. ആ.	വെ (൯) ൨
	വ	ഖ	തി	ശ്രീ. മക്കായേൽ. കാണുപ്പാട്ടു. സ. ആ. കു. വെ.	വെ ൨
	ൻ	ഖ	ചൊ	അ. മൈ. ഗ്രിഗോ. നസ്യൻ. സ. ആ. കു. വെ.	വെ ൨
	ഫ	ഖ	ബു	വേ. ഗൊർത്തോനി ഔപ്പിമാ. സ. ആ. കു. വെ.	വെ ൨
	ഫ	ന	വ്യാ	അ. വേ. സ്തനിസ്ലാ. (ഉപ. ഴ) സ. ആ. കു. വെ.	മു ൨
	ഫ	സ	വെ	വേ. റോമേസ്സാ. ക്രൂട്ട. സ. ആ. കു. വെ.	മു ൭൬
	ഫ	ഴ	ശ	വേ. ഗിവർഗീസു. (മേടം ഖ) സ. കു. വെ.	മു ൨
	ഭ	ഫ	ഞാ	✠ ഉ. സ. ഞ്ഞ. ശ്രയൊ. വി. മ. സ. കു. വെ. വെ (൨)	൬
	ഭ	ഖ	തി	വേ. ബൊനിഫ്ലാസി. (ഇന്നലെ) സ. ആ. കു. വെ.	മു ൬
	ന	ന	ചൊ	ശ്രീ. അ. മൈ. ഉവാൾദൊ. സ. ആ. കു. വെ.	വെ ൬
	ഭ	ര	ബു	നാല്പതു വേ. (മീനം ൻ) സ. ആ. കു. വെ.	മു ൬
ഇടവം	ഖ	ഒ	വ്യാ	പാ. മൈ. മ. ശ്രീഗോ. (മീ. ഖ) സ. കു. വെ.	വെ ൬
	ൻ	ന	വെ	ശ്രീ. കു. വുദെന്യാനാ. സ. ആ. കു. വെ.	വെ ൭൬
	ഖ	ഴ	ശ	ശ്രീ. മൈ. ബൈനടീ. (മീ. ഖ) സ. ആ. കു. വെ.	വെ ൬
	ഖ	വ	ഞാ	✠ ഉയിർപ്പു. ര–ാം ഞ്ഞാ. സ. കു. ആ.	വെ (൩) ൨
	ഖ	ൻ	തി	ശ്രീ. മൈ. ഫ്രാൻസീസ്സു് (മേ. ഖ) സ. ആ. കു. വെ.	വെ ൨
	ഖ	ഫ	ചൊ	ശ്രീ. പാ. മൈ. ലോഒ. (മേ. ഫ) സ. ആ. കു. വെ.	വെ ൨
	ഖ	ഭ	ബു	പാ. വേ. സൊത്തർ (മേ. ഖ ഖ) സ. ആ. കു. വെ.	മു ൨
	ഖ	ഫ	വ്യാ	പാ. വേ. ഉബ്രാനൊ. സ. ആ. കു. വെ.	മു ൨
	ഖ	ന	വെ	പാ. വേ. എലവുത്തേർ. സ. ആ. കു. വെ.	മു ൭൬
	ഖ	ര	ശ	പാ. വേ. യോഹന്നാൻ. സ. ആ. കു. വെ.	മു ൬
	ഖ	ഒ	ഞ	✠ ഉയിർപ്പു രാം ഞ്ഞാ. സ. കു. ആ.	വെ (൪) ൬
	ൻ	സ	തി	ലൂത്തനിയാ. സ. ആ. കു. ലൂ.	൫൦ ൬
	ന	ഴ	ചൊ	ലൂത്തനിയാ. സ. ആ. കു. ലൂ.	൫൦ ൬
	ന	ഫ	ബു	സ. കു. കുരേറാ. തബെ. സ. ആ. കു. തബെ.	൫൦ ൬

✠ അടയാളം എല്ലാവർക്കും കടമുള്ളദിവസം (✠) കടം നീക്കപ്പെട്ട ദിവസം
* ഇറച്ചിവിലക്കുള്ളദിവസം.

Printed and Published for the Proprietor, by A. P. Mani
at St. Joseph's Press, Mannanam.